**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1180** **06-02-2023 - ൽ മറുപടിയ്ക്ക്**

**യുവജന കമ്മീഷൻ അധ്യക്ഷയ്ക്ക് അനുവദിച്ച ശമ്പള കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം വിൻസെൻറ്** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കേരള സംസ്ഥാന യുവജന കമ്മീഷൻ അധ്യക്ഷയുടെ ശമ്പളം നിർണയിച്ചുകൊണ്ട് സർക്കാർ ഉത്തരവ് ഇറങ്ങിയത് എന്നാണെന്നും മുൻകാല പ്രാബല്യത്തോടെ ശമ്പളം നിർണയിച്ച് നൽകിയാണോ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെന്നുമുള്ള വിശദാംശം നൽകുമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | 6.1.2017-ലെ സ.ഉ (സാധാ) നം.3/2017/കാ.യു.വ പ്രകാരം (പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്), യുവജന കമ്മീഷൻ ചെയർപേഴ്സന്റെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച വിഷയത്തിന്മേൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതുവരെ നിലവിലെ ചെയർപേഴ്സണായ കുമാരി ചിന്ത ജെറോമിന് പ്രതിമാസം 50,000/-രൂപ അഡ്വാൻസ് ശമ്പളവും ഔദ്യോഗിക യാത്രകൾക്ക് ഒന്നാം ക്ലാസ് കേരള സർക്കാർ ഉദ്യോഗസ്ഥർക്കുള്ള യാത്രബത്ത, ദിനബത്ത എന്നിവയും, ഔദ്യോഗിക വാഹനത്തിനും, സർക്കാർ ഗസ്റ്റ് ഹൗസ്/റസ്റ്റ് ഹൗസ് താമസത്തിനും, തിരുവനന്തപുരത്ത് ഔദ്യോഗിക താമസത്തിനായി പ്രതിമാസം 50,000/- നുമേൽ ശമ്പളത്തിന് ആനുപാതികമായ നിരക്കിലുള്ള വീട്ട് വാടക ബത്തക്കും (2500/- രൂപ) അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽപ്രകാരം ചെയർപേഴ്സൺ അഡ്വാൻസ് ശമ്പളമായി 50,000/- രൂപ കൈപ്പറ്റി വരവെ 26.5.2018-ലെ സ.ഉ (അച്ചടി) 5/2018/കാ.യു.വ (പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്) പ്രകാരം കമ്മീഷൻ ചട്ടങ്ങൾ നിലവിൽ വന്നു. ടി ചട്ടങ്ങളിൽ ചെയർപേഴ്സന്റെ ശമ്പളം 1 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.<br><br>ചട്ടങ്ങൾ രൂപീകരിക്കുന്നതുവരെ ചെയർപേഴ്സന്റെ ശമ്പളം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ ചെയർപേഴ്സനായി നിയമിതയായതു മുതൽ ചട്ടങ്ങൾ രൂപവൽക്കരിക്കപ്പെട്ട കാലയളവു വരെ കൈപ്പറ്റിയ ശമ്പളത്തെ സംബന്ധിച്ച് അനിശ്ചിതത്വം നിലനിൽക്കുകയാണെന്നും ആയതിനാൽ 14/10/2016 മുതൽ 25/05/2018 വരെയുള്ള കാലയളവിൽ വാങ്ങിയ അഡ്വാൻസ് തുകയെ |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച വ്യക്തതയും അഡ്വാൻസായി കൈപ്പറ്റിയ തുകയും യുവജന കമ്മീഷൻ ചട്ടങ്ങൾ പ്രകാരം നിജപ്പെടുത്തിയ ശമ്പളവും തമ്മിലുള്ള കുടിശ്ശിക അനുവദിക്കണമെന്നും യുവജന കമ്മീഷൻ ചെയർപേഴ്സൺ 20.8.2022-ലെ 698/എ1/2018/ കേ.സം.യു.ക നമ്പർ കത്ത് (പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.<br><br>സർക്കാർ ഇക്കാര്യം പരിശോധിക്കുകയും കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സൺ കുമാരി ചിന്ത ജെറോമിന് 6.1.2017 മുതൽ ഒരു ലക്ഷം രൂപ പ്രതിമാസ വേതനം അനുവദിച്ചുകൊണ്ട് 23/01/2023ലെ സ.ഉ (സാധാ) നം 37/2023/S&YA (പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്) പ്രകാരം ഉത്തരവാകുകയും ചെയ്തു.<br><br>B2/266/2022-SYA നമ്പർ ഫയലിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | മേൽപ്പറഞ്ഞ ഉത്തരവിന് വിരുദ്ധമായി വർദ്ധിപ്പിച്ച ശമ്പളത്തിന് മുൻകാല പ്രാബല്യത്തോടെ കുടിശ്ശിക അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് യുവജന കമ്മീഷൻ അധ്യക്ഷ കത്ത് നൽകിയിരുന്നോ; പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | (എ) പിരിവിൽ നൽകിയിട്ടുണ്ട്. |
| (സി) | മേൽപ്പറഞ്ഞ കത്തിന്റെ അടിസ്ഥാനത്തിൽ യുവജന കമ്മീഷൻ അധ്യക്ഷയ്ക്ക് ശമ്പള കുടിശ്ശിക അനുവദിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് ഇപ്രകാരം അനുവദിച്ച് നൽകിയതെന്നും ഇത് സംബന്ധിച്ച് സർക്കാർ പ്രത്യേക ഉത്തരവിറക്കിയിട്ടുണ്ടോയെന്നും അറിയിക്കാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പും ഇത് സംബന്ധിച്ച ഫയലിന്റെ പകർപ്പും ലഭ്യമാക്കുമോ? | (സി) | (എ) പിരിവിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**Note # 1**

കുറിപ്പുകൾ

**വിഷയം:- യുവജന കമ്മീഷൻ അധ്യക്ഷയായ കുമാരി ചിന്ത ജെറോമിന് കുടിശിക വേതനം അനുവദിക്കുന്നത് - സംബന്ധിച്ച്**

1.) യുവജന കമ്മീഷൻ അധ്യക്ഷയായ കുമാരി ചിന്ത ജെറോമിന്റെ കത്ത് കണ്ടാലും. **4/10/2016**ലെ സ.ഉ (സാ.ധാ) 209/16/കാ.യു.വ പ്രകാരം കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സണായി കുമാരി ചിന്ത ജെറോമിനെ നിയമിക്കുകയും, ചെയർപേഴ്സന്റെ സേവന വേതന വ്യവസ്ഥകൾ പിന്നീട് നിശ്ചയിക്കാമെന്ന് പ്രസ്തുത ഉത്തരവിൽ പരാമർശിക്കുകയും ചെയ്തിട്ടുണ്ട്. കുമാരി ചിന്ത ജെറോമിന് മുമ്പ് കമ്മീഷനിൽ ഒരാൾ മാത്രമാണ് ചെയർമാനായി സേവനമനുഷ്ഠിച്ചിട്ടുള്ളത്. അദ്ദേഹത്തിന് **4.3.2014**-ലെ സ.ഉ (സാ.ധാ) 51/14/കാ.യു.വ പ്രകാരം 50,000/-രൂപ കൺസോളിഡേറ്റഡ് തുകയായി നിശ്ചയിച്ചിരുന്നു.

2.) **6.1.2017**-ലെ സ.ഉ (സാ.ധാ) 3/17/കാ.യു.വ പ്രകാരം യുവജന കമ്മീഷൻ ചെയർപേഴ്സന്റെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച വിഷയത്തിന്മേൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നത് വരെ ചെയർപേഴ്സണായ കുമാരി ചിന്ത ജെറോമിന് പ്രതിമാസം 50,000/-രൂപ അഡ്വാൻസ് ശമ്പളം നിശ്ചയിക്കുകയുണ്ടായി. കമ്മീഷൻ ചെയർപേഴ്സന്റെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച വിഷയത്തിന്മേൽ അന്തിമ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് അധിക തുക സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത തുക തിരിച്ചു പിടിക്കും എന്നും ടി ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

3.) അഡ്വാൻസ് ശമ്പളമായി 50,000/-രൂപ കൈപ്പറ്റി വരവെ 26.5.2018-ലെ സ. ഉ (അച്ചടി) 5/2018/കാ.യു.വ പ്രകാരം കമ്മീഷൻ ചട്ടങ്ങൾ നിലവിൽ വന്നു. ടി ചട്ടങ്ങളിൽ ചെയർപേഴ്സന്റെ ശമ്പളം1 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. [സ. ഉ (അച്ചടി) 5/2018/കാ.യു.വ ഉത്തരവിന്റെ തീർപ്പുഫയൽ **Local Reference 1**-ൽ കണ്ടാലും]

4.) 4.6.2016 മുതൽ 25.5.2018 വരെയുള്ളകാലയളവിലെ തുക ക്രമീകരിക്കണമെന്ന കമ്മീഷൻ ചെയർപേഴ്സന്റെ ആവശ്യം സംബന്ധിച്ച് **B2/209/2021-SYA** നമ്പർ ഫയലിൽ ധനകാര്യ വകുപ്പിന്റെഅഭിപ്രായം **(Page 7 of Local Reference 2)** ചുവടെ ചേർക്കുന്നു:-

*യുവജന കമ്മീഷൻ ചെയർപേഴ്സന്റെ ശമ്പളം ഒരു ലക്ഷം രൂപയായി നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവിന് 26.5.2018 മുതൽ മാത്രമാണ് പ്രാബല്യമുള്ളത് എന്നതിനാൽ പ്രസ്തുത തീയതി മുതൽ മാത്രമേ 26.5.2018-ലെ സ. ഉ (അച്ചടി)*



Generated from eOffice by USHA MATHEW, SG-ASST (B2) SYA, SG-ASST (B2) SYA, S&YA on 30/01/2023 05:36 PM

*5/2018/കാ.യു.വ പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുള്ള എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു*

**5.)** സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് പ്രത്യേകിച്ച് ഉത്തരവ് ഒന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ ചെയർപേഴ്സനായി നിയമിതയായതു മുതൽ ചട്ടങ്ങൾ രൂപവൽക്കരിക്കപ്പെട്ട കാലയളവു വരെ കൈപ്പറ്റിയ ശമ്പളത്തെ സംബന്ധിച്ച് അനിശ്ചിതത്വം നിലനിൽക്കുകയാണ് എന്നും ആയതിനാൽ 4/10/2016 മുതൽ 25/05/2018 വരെയുള്ള കാലയളവിൽ അഡ്വാൻസായി കൈപ്പറ്റിയ തുകയും യുവജന കമ്മീഷൻ ചട്ടങ്ങൾ പ്രകാരം നിജപ്പെടുത്തിയ ശമ്പളവും തമ്മിലുള്ള കുടിശ്ശിക അനുവദിക്കണമെന്നും <u>യുവജന കമ്മീഷൻ ചെയർപേഴ്സൺ</u> അഭ്യർത്ഥിച്ചിരിക്കുന്നു.

**6.)** ന.ഫ പേജ് 1-ലെ<u>പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഉത്തരവിന്റെ</u> അടിസ്ഥാനത്തിൽ, 4/10/2016 മുതൽ 25/05/2018 വരെയുള്ള കാലയളവിൽ അഡ്വാൻസായി കൈപ്പറ്റിയ തുകയും യുവജന കമ്മീഷൻ ചട്ടങ്ങൾ പ്രകാരം നിജപ്പെടുത്തിയ ശമ്പളവും തമ്മിലുള്ള കുടിശ്ശിക അനുവദിക്കണമെന്ന യുവജന കമ്മീഷൻ ചെയർപേഴ്സന്റെ ആവശ്യം സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായാവുന്നതാണ്.

**27/08/2022 01:36 PM** — **USHA MATHEW**
**SG-ASST (B2) SYA**

---

<u>**Note # 2**</u>

**30/08/2022 02:22 PM** — **ROSE MARY PRESILLA**
**SO (B) SYA**

---

<u>**Note # 3**</u>

**30/08/2022 02:53 PM** — **SANTHOSH R**
**DS (B) SYA**

---

<u>**Note # 4**</u>



Generated from eOffice by USHA MATHEW, SG-ASST (B2) SYA, SG-ASST (B2) SYA, S&YA on 30/01/2023 05:36 PM

30/08/2022 03:19 PM — MANOHARAN. P. V, JS (B) SYA

---

**Note # 5**

30/08/2022 03:23 PM — SANTHOSH R, DS (B) SYA

---

**Note # 6**

30/08/2022 04:40 PM — ROSE MARY PRESILLA, SO (B) SYA

---

**Note # 7**

31/08/2022 10:36 AM — USHA MATHEW, SG-ASST (B2) SYA

---

**Note # 8**

31/08/2022 11:13 AM — CRU.FIN, OS(RMU,FIN)

---

**Note # 9**

31/08/2022 11:29 AM — NISY S DAS, SO(EDN B, FIN)

---

**Note # 10**



Generated from eOffice by USHA MATHEW, SG-ASST (B2) SYA, SG-ASST (B2) SYA, S&YA on 30/01/2023 05:36 PM

**<u>No:309702/EDN-B2/166/2016-FIN</u> Finance (Education - B) Dept.**

**No:2184627/SYA-B2/266/2022-SYA 14/09/2022.**

ഭരണവകുപ്പ് ഫയൽ നം. 1886730/SYA-B2/209/2021-SYA –ൽ 27/10/2021 തീയതിയിലെ ഇതേ നമ്പർ റിമാർക്സ് പ്രകാരമുള്ള മുൻ നിലപാടിൽ ധനകാര്യ വകുപ്പ് ഉറച്ചു നിൽക്കുന്നതായും, യുവജന കമ്മീഷൻ ചെയർ പേർസൺ ചാർജ് എടുത്ത തീയതിയായ 04/10/2016 മുതൽ 25/05/2018 വരെയുള്ള കാലയളവിലെ ശമ്പളം അഡ്വാൻസ് ആയി നൽകിയ തുകയിൽ (Rs 50,000/-) നിജപ്പെടുത്തി ക്രമീകരിക്കേണ്ടതാണെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു.

**ധനകാര്യ വ്യയം സെക്രട്ടറിയ്ക്കു വേണ്ടി**

**14/09/2022 02:34 PM**

**NISY S DAS**
**SO(EDN B, FIN)**

---

**<u>Note # 11</u>**

**14/09/2022 04:26 PM**

**ROSE MARY PRESILLA**
**SO (B) SYA**

---

**<u>Note # 12</u>**

**1.)** കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സണ് കുടിശിക വേതനം നൽകുന്നത് സംബന്ധിച്ച വിഷയമാണ് ഈ ഫയലിൽ കൈകാര്യം ചെയ്യുന്നത്. <u>**6.1.2017**-ലെ സ.ഉ (സാ.ധാ) 3/17/കാ.യു.വ</u> പ്രകാരം യുവജന കമ്മീഷൻ ചെയർപേഴ്സന്റെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച വിഷയത്തിന്മേൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നത് വരെ ചെയർപേഴ്സണായ കുമാരി ചിന്ത ജെറോമിന് പ്രതിമാസം 50,000/-രൂപ അഡ്വാൻസ് ശമ്പളം നിശ്ചയിക്കുകയുണ്ടായി. കമ്മീഷൻ ചെയർപേഴ്സന്റെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച വിഷയത്തിന്മേൽ അന്തിമ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് അധിക തുക സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത തുക തിരിച്ചു പിടിക്കും എന്നും ടി ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**2.)** അഡ്വാൻസ് ശമ്പളമായി 50,000/-രൂപ കൈപ്പറ്റി വരവെ <u>26.5.2018-ലെ സ. ഉ (അച്ചടി) 5/2018/കാ.യു.വ</u> പ്രകാരം കമ്മീഷൻ ചട്ടങ്ങൾ നിലവിൽ വന്നു. ടി ചട്ടങ്ങളിൽ ചെയർപേഴ്സന്റെ ശമ്പളം1 ലക്ഷം രൂപയായി

നിജപ്പെടുത്തിയിട്ടുണ്ട്. [സ. ഉ (അച്ചടി) 5/2018/കാ.യു.വ ഉത്തരവിന്റെ തീർപ്പഫയൽ Local Reference 1-ൽ കണ്ടാലും]

**3.)** 4.6.2016 മുതൽ 25.5.2018 വരെയുള്ളകാലയളവിലെ തുക ക്രമീകരിക്കണമെന്ന കമ്മീഷൻ ചെയർപേഴ്സന്റെ ആവശ്യം സംബന്ധിച്ച് **B2/209/2021-SYA** നമ്പർ ഫയലിൽ ധനകാര്യ വകുപ്പിന്റെഅഭിപ്രായം **(Page 7 of Local Reference 2)** ചുവടെ ചേർക്കുന്നു:-

> ***യുവജന കമ്മീഷൻ ചെയർപേഴ്സന്റെ ശമ്പളം ഒരു ലക്ഷം രൂപയായി നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവിന് 26.5.2018 മുതൽ മാത്രമാണ് പ്രാബല്യമുള്ളത് എന്നതിനാൽ പ്രസ്തുത തീയതി മുതൽ മാത്രമേ 26.5.2018-ലെ സ. ഉ (അച്ചടി) 5/2018/കാ.യു.വ പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുള്ളൂ എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു***

**4.)** സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് പ്രത്യേകിച്ച് ഉത്തരവ് ഒന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ ചെയർപേഴ്സനായി നിയമിതയായതു മുതൽ ചട്ടങ്ങൾ രൂപവൽക്കരിക്കപ്പെട്ട കാലയളവു വരെ കൈപ്പറ്റിയ ശമ്പളത്തെ സംബന്ധിച്ച് അനിശ്ചിതത്വം നിലനിൽക്കുകയാണ് എന്നും ആയതിനാൽ 4/10/2016 മുതൽ 25/05/2018 വരെയുള്ള കാലയളവിൽ അഡ്വാൻസായി കൈപ്പറ്റിയ തുകയും യുവജന കമ്മീഷൻ ചട്ടങ്ങൾ പ്രകാരം നിജപ്പെടുത്തിയ ശമ്പളവും തമ്മിലുള്ള കുടിശ്ശിക അനുവദിക്കണമെന്നും <u>യുവജന കമ്മീഷൻ ചെയർപേഴ്സൺ</u> അഭ്യർത്ഥിച്ചിരിക്കുന്നു.

**5.)** യുവജന കമ്മീഷൻ ചെയർപേഴ്സന്റെ ആവശ്യം സംബന്ധിച്ച് <u>ധനകാര്യ വകുപ്പിന്റെ അഭിപ്രായം</u> ചുവടെ ചേർക്കുന്നു:-

***ഭരണവകുപ്പ് ഫയൽ നം. 1886730/SYA-B2/209/2021-SYA –ൽ 27/10/2021 തീയതിയിലെ ഇതേ നമ്പർ റിമാർക്ക് പ്രകാരമുള്ള മുൻ നിലപാടിൽ ധനകാര്യ വകുപ്പ് ഉറച്ചു നിൽക്കുന്നതായും, യുവജന കമ്മീഷൻ ചെയർപേർസൺ ചാർജ് എടുത്ത തീയതിയായ 04/10/2016 മുതൽ 25/05/2018 വരെയുള്ള കാലയളവിലെ ശമ്പളം അഡ്വാൻസ് ആയി നൽകിയ തുകയിൽ (Rs 50,000/-) നിജപ്പെടുത്തി ക്രമീകരിക്കേണ്ടതാണെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു.***

**6.)** ഫയൽ മേൽ ഉത്തരവിനായി സമർപ്പിക്കുന്നു.

**14/09/2022 04:59 PM**

**USHA MATHEW**
**SG-ASST (B2) SYA**

---

**<u>Note # 13</u>**



Generated from eOffice by USHA MATHEW, SG-ASST (B2) SYA, SG-ASST (B2) SYA, S&YA on 30/01/2023 05:36 PM

**14/09/2022 05:00 PM** **ROSE MARY PRESILLA**
**SO (B) SYA**

---

**Note # 14**

യുവജന കമ്മീഷൻ ചെയർ പേർസൺ ചാർജ് എടുത്ത തീയതിയായ 04/10/2016 മുതൽ 25/05/2018 വരെയുള്ള കാലയളവിലെ ശമ്പളം അഡ്വാൻസ് ആയി നൽകിയ തുകയിൽ (Rs 50,000/-) നിജപ്പെടുത്തി ക്രമീകരികാവുന്നതാണ് .ഫയൽ ഉത്തരവിനായി ബഹു യുവജനക്ഷേമ വകുപ്പ് മന്ത്രിക്ക ചംക്രമണം ചെയ്യാവുന്നതാണ്

**15/09/2022 10:22 AM** **SANTHOSH R**
**DS (B) SYA**

---

**Note # 15**

**15/09/2022 10:42 AM** **MANOHARAN. P. V**
**JS (B) SYA**

---

**Note # 16**

**16/09/2022 12:30 PM** **M. SIVASANKAR**
**PRL.SECY (SYA)**

---

**Note # 17**

**18/09/2022 06:53 PM** **P A MOHAMED RIYAS**
**MIN (YA)**

---

**Note # 18**

**19/09/2022 10:26 AM** **M. SIVASANKAR**
**PRL.SECY (SYA)**



Generated from eOffice by USHA MATHEW, SG-ASST (B2) SYA, SG-ASST (B2) SYA, S&YA on 30/01/2023 05:36 PM

**Note # 19**

19/09/2022 11:52 AM

MANOHARAN. P. V
JS (B) SYA

**Note # 20**

19/09/2022 11:53 AM

SANTHOSH R
DS (B) SYA

**Note # 21**

19/09/2022 12:05 PM

ROSE MARY PRESILLA
SO (B) SYA

**Note # 22**

മുൻവണ്ഡികയിലെ ഉത്തരവിൻപ്രകാരം യുവജന കമ്മീഷൻ ചെയർ പേർസൺ ചാർജ് എടുത്ത തീയതിയായ 04/10/2016 മുതൽ 25/05/2018 വരെയുള്ള കാലയളവിലെ ശമ്പളം, അഡ്വാൻസ് ആയി നൽകിയ തുകയായ 50,000/- രൂപയായി നിജപ്പെടുത്തി ക്രമീകരിച്ചുകൊണ്ടുള്ള കരട് സർക്കാർ ഉത്തരവ് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

22/09/2022 11:55 AM

USHA MATHEW
SG-ASST (B2) SYA

**Note # 23**

23/09/2022 04:09 PM

ROSE MARY PRESILLA
SO (B) SYA

**Note # 24**



Generated from eOffice by USHA MATHEW, SG-ASST (B2) SYA, SG-ASST (B2) SYA, S&YA on 30/01/2023 05:36 PM

**23/09/2022 04:24 PM** **SANTHOSH R**
**DS (B) SYA**

---

**Note # 25**
Principal Secretary may see before issue

**26/09/2022 10:55 AM** **MANOHARAN. P. V**
**JS (B) SYA**

---

**Note # 26**

**26/09/2022 03:21 PM** **M. SIVASANKAR**
**PRL.SECY (SYA)**

---

**Note # 27**

**26/09/2022 05:12 PM** **MANOHARAN. P. V**
**JS (B) SYA**

---

**Note # 28**

**27/09/2022 11:22 AM** **SANTHOSH R**
**DS (B) SYA**

---

**Note # 29**
ഈ ഫയലിൽ തുടർനടപടികളൊന്നും അവശേഷിക്കാത്തതിനാൽ തീർപ്പാക്കാവുന്നതാണ്.

**06/10/2022 04:08 PM** **USHA MATHEW**
**SG-ASST (B2) SYA**

---

**Note # 30**



Generated from eOffice by USHA MATHEW, SG-ASST (B2) SYA, SG-ASST (B2) SYA, S&YA on 30/01/2023 05:36 PM

**10/10/2022 03:19 PM** **ROSE MARY PRESILLA**
**SO (B) SYA**

---

**Note # 31**

**10/10/2022 03:51 PM** **SANTHOSH R**
**DS (B) SYA**

---

**Note # 32**

**11/10/2022 05:19 PM** **ROSE MARY PRESILLA**
**SO (B) SYA**

---

**Note # 33**

ചംക്രമണക്കുറിപ്പ്

**1.)** കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സണ് കുടിശിക വേതനം നൽകുന്നത് സംബന്ധിച്ച വിഷയമാണ് ഈ ഫയലിൽ കൈകാര്യം ചെയ്യുന്നത്. 6.1.2017-ലെ സ.ഉ (സാ.ധാ) 3/17/കാ.യു.വ പ്രകാരം യുവജന കമ്മീഷൻ ചെയർപേഴ്സന്റെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച വിഷയത്തിന്മേൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നത് വരെ ചെയർപേഴ്സണായ കുമാരി ചിന്ത ജെറോമിന് പ്രതിമാസം 50,000/-രൂപ അഡ്വാൻസ് ശമ്പളം നിശ്ചയിക്കുകയുണ്ടായി. കമ്മീഷൻ ചെയർപേഴ്സന്റെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച വിഷയത്തിന്മേൽ അന്തിമ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് അധിക തുക സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത തുക തിരിച്ച് പിടിക്കും എന്നും ടി ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**2.)** ചെയർപേഴ്സൺ അഡ്വാൻസ് ശമ്പളമായി 50,000/-രൂപ കൈപ്പറ്റി വരവെ 26.5.2018-ലെ സ. ഉ (അച്ചടി) 5/2018/കാ.യു.വ പ്രകാരം കമ്മീഷൻ ചട്ടങ്ങൾ നിലവിൽ വന്നു. ടി ചട്ടങ്ങളിൽ ചെയർപേഴ്സന്റെ ശമ്പളം1 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. [സ. ഉ (അച്ചടി) 5/2018/കാ.യു.വ ഉത്തരവിന്റെ തീർപ്പുഫയൽ **Local Reference 1**-ൽ കണ്ടാലും]



Generated from eOffice by USHA MATHEW, SG-ASST (B2) SYA, SG-ASST (B2) SYA, S&YA on 30/01/2023 05:36 PM

**3.)** 4.6.2016 മുതൽ 25.5.2018 വരെയുള്ളകാലയളവിലെ തുക ക്രമീകരിക്കണമെന്ന കമ്മീഷൻ ചെയർപേഴ്സന്റെ ആവശ്യം സംബന്ധിച്ച് **B2/209/2021-SYA** നമ്പർ ഫയലിൽ ധനകാര്യ വകുപ്പിന്റെഅഭിപ്രായം **(Page 7 of Local Reference 2)** ചുവടെ ചേർക്കുന്നു:-

> ***യുവജന കമ്മീഷൻ ചെയർപേഴ്സന്റെ ശമ്പളം ഒരു ലക്ഷം രൂപയായി നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവിന് 26.5.2018 മുതൽ മാത്രമാണ് പ്രാബല്യമുള്ളത് എന്നതിനാൽ പ്രസ്തുത തീയതി മുതൽ മാത്രമേ 26.5.2018-ലെ സ. ഉ (അച്ചടി) 5/2018/കാ.യു.വ പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുള്ളൂ എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു***

**4.)** സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് പ്രത്യേകിച്ച് ഉത്തരവ് ഒന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ ചെയർപേഴ്സനായി നിയമിതയായതു മുതൽ ചട്ടങ്ങൾ രൂപവൽക്കരിക്കപ്പെട്ട കാലയളവ് വരെ കൈപ്പറ്റിയ ശമ്പളത്തെ സംബന്ധിച്ച് അനിശ്ചിതത്വം നിലനിൽക്കുകയാണ് എന്നും ആയതിനാൽ 4/10/2016 മുതൽ 25/05/2018 വരെയുള്ള കാലയളവിൽ അഡ്വാൻസായി കൈപ്പറ്റിയ തുകയും യുവജന കമ്മീഷൻ ചട്ടങ്ങൾ പ്രകാരം നിജപ്പെടുത്തിയ ശമ്പളവും തമ്മിലുള്ള കുടിശ്ശിക അനുവദിക്കണമെന്നും <u>യുവജന കമ്മീഷൻ ചെയർപേഴ്സൺ</u> വീണ്ടും ആവശ്യപ്പെടുകയുണ്ടായി.

**5.)** യുവജന കമ്മീഷൻ ചെയർപേഴ്സന്റെ ആവശ്യം സംബന്ധിച്ച് <u>ധനകാര്യ വകുപ്പിന്റെ അഭിപ്രായം</u> ചുവടെ ചേർക്കുന്നു:-

> ***ഭരണവകുപ്പ് ഫയൽ നം. 1886730/SYA-B2/209/2021-SYA –ൽ 27/10/2021 തീയതിയിലെ ഇതേ നമ്പർ റിമാർക്സ് പ്രകാരമുള്ള മുൻ നിലപാടിൽ ധനകാര്യ വകുപ്പ് ഉറച്ചു നിൽക്കുന്നതായും, യുവജന കമ്മീഷൻ ചെയർപേർസൺ ചാർജ് എടുത്ത തീയതിയായ 04/10/2016 മുതൽ 25/05/2018 വരെയുള്ള കാലയളവിലെ ശമ്പളം അഡ്വാൻസ് ആയി നൽകിയ തുകയിൽ (Rs 50,000/-) നിജപ്പെടുത്തി ക്രമീകരിക്കേണ്ടതാണെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു.***

**6.)** തുടർന്ന് <u>സ.ഉ.(സാധാ) നം.231/2022/S&YA</u> തീയതി 26/09/2022 പ്രകാരം കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സണായി കുമാരി ചിന്ത ജെറോം ചുമതലയേറ്റ തീയതിയായ 04/10/2016 മുതൽ 25/05/2018 വരെയുള്ള കാലയളവിലെ പ്രതിമാസ ശമ്പളം, അഡ്വാൻസായി നൽകിയ തുകയായ 50,000/- രൂപയായി (അൻപതിനായിരം രൂപ മാത്രം) നിജപ്പെടുത്തി ക്രമീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

**7.)** ബഹു.ഹൈക്കോടതിയിൽ കേരള സംസ്ഥാന യുവജന കമ്മീഷൻ



Generated from eOffice by USHA MATHEW, SG-ASST (B2) SYA, SG-ASST (B2) SYA, S&YA on 30/01/2023 05:36 PM

മുൻ ചെയർപേഴ്സൺ അഡ്വ.ആർ.വി.രാജേഷ് **WP (C) 24463/2017 (Local Reference 3)** ഫയൽ ചെയ്യുകയും 9.11.2022-ൽ റിട്ട് പെറ്റീഷൻ തീർപ്പ് കൽപ്പിച്ച് ബഹു. ഹൈക്കോടതി ഉത്തരവാകുകയും ചെയ്തു. ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച 09/11/222-ലെ ഉത്തരവ് ചുവടെ ചേർക്കുന്നു.

> ***"This writ petition is disposed of with a direction to the Government to take up the request of the petitioner and to pay the amounts due as provided in the Rules."***

WP (C) 24463/2017ലെ വിധി നടപ്പാക്കുന്നത് സംബന്ധിച്ച വിഷയം **B2/338/2022-SYA** നമ്പർ ഫയലിൽ കൈകാര്യം ചെയ്തുവരുന്നു.

**8.)** ധനകാര്യ വകുപ്പിന്റെ 28.11.2022-ലെ 309702/EDN-B2/166/2016-FIN നമ്പർ അനൗദ്യോഗിക കുറിപ്പ് കണ്ടാലും. ആയതിൽ ധനകാര്യ വകുപ്പ് രേഖപ്പെടുത്തിയ അഭിപ്രായം ചുവടെ ചേർക്കുന്നു:-

> ***Attention of Administrative Department is invited to the references cited and is informed that Dr. Chintha Jerome, Chairperson, Kerala State Youth Commission is eligible to get salary as per Kerala State Youth Commission Rule at the rate of Rs. 1 lakh from 06.01.2017. This has the approval of Hon'ble Minister (Finance).***

**9.)** കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സൺ ഡോ. ചിന്ത ജെറോം 6.1.2017 മുതൽ 2018 മേയ് മാസം **(17 മാസങ്ങൾ)** വരെ 50,000/- രൂപയാണ് പ്രതിമാസ വേതനം കൈപ്പറ്റിയിരുന്നത്. ഇത് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് **Local Reference 4-ൽ** കണ്ടാലും. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സൺ ഡോ. ചിന്ത ജെറോമിന് 6.1.2017 മുതൽ 2018 മേയ് മാസം (17 **മാസങ്ങൾ**) വരെയുള്ള കാലയളവിൽ കൈപ്പറ്റിയ 50,000/- രൂപ കിഴിച്ച് ബാക്കി തുകയായി 8,50,000/- രൂപ (50,000 x 17) കുടിശ്ശികയായി നൽകേണ്ടതായുണ്ട്.

**10.)** കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സൺ ഡോ. ചിന്ത ജെറോമിന് 6.1.2017 മുതൽ പ്രതിമാസ വേതനമായി ഒരു ലക്ഷം രൂപ അനുവദിക്കാവുന്നതാണോ എന്നതിന്മേൽ ഉത്തരവിനായി ഫയൽ ബഹു. യുവജനകാര്യ വകുപ്പ് മന്ത്രിക്ക് ചംക്രമണം ചെയ്യാവുന്നതാണ്.



Generated from eOffice by USHA MATHEW, SG-ASST (B2) SYA, SG-ASST (B2) SYA, S&YA on 30/01/2023 05:36 PM

**01/12/2022 02:46 PM** **USHA MATHEW**
**SG-ASST (B2) SYA**

---

**Note # 34**

**01/12/2022 02:59 PM** **ROSE MARY PRESILLA**
**SO (B) SYA**

---

**Note # 35**

**01/12/2022 03:06 PM** **SANTHOSH R**
**DS (B) SYA**

---

**Note # 36**

മുൻ കുറിപ്പുകൾ കണ്ടാലും. കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സൺ കുമാരി ചിന്ത ജെറോമിന്6.1.2017-ലെ സ.ഉ (സാ.ധാ) 3/17/കാ.യു.വ പ്രകാരം, യുവജന കമ്മീഷൻ ചെയർപേഴ്സന്റെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച വിഷയത്തിന്മേൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നത് വരെ പ്രതിമാസം 50,000/-രൂപ അഡ്വാൻസ് ശമ്പളവും ഔദ്യോഗിക യാത്രകൾക്ക് ഒന്നാം ക്ലാസ് കേരളസർക്കാർ ഉദ്യോഗസ്ഥർക്കുള്ള യാത്രബത്ത, ദിനബത്ത എന്നിവയും, ഔദ്യോഗിക വാഹനത്തിനും, സർക്കാർ ഗസ്റ്റ് ഹൗസ്/റസ്റ്റ് ഹൗസ് താമസത്തിനും, തിരുവനന്തപുരത്ത് ഔദ്യോഗിക താമസത്തിനായി പ്രതിമാസം 50,000/- നുമേൽ ശമ്പളത്തിന് ആനുപാതികമയ നിരക്കിലുള്ള വീട്ട് വാടക ബത്തക്കും (2500 രൂപ) അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

26.5.2018-ലെ സ. ഉ (അച്ചടി) 5/2018/കാ.യു.വപ്രകാരം നിലവിൽ വന്ന കമ്മീഷൻ ചട്ടങ്ങളിൽ ചെയർപേഴ്സന്റെ ശമ്പളം 1 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ടെങ്കിലും, ചട്ടങ്ങളുടെ പ്രാബല്യം 26.05.2018 മുതൽ മാത്രമായതിനാൽ, സ.ഉ.(സാധാ)നം.231/2022/S&YA തീയതി 26/09/2022 പ്രകാരം, കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സണായി കുമാരി ചിന്ത ജെറോം ചുമതലയേറ്റ തീയതി മുതൽ 25/05/2018 വരെയുള്ള കാലയളവിലെ പ്രതിമാസ ശമ്പളം, അഡ്വാൻസായി നൽകിയ തുകയായ 50,000/- രൂപയായി നിജപ്പെടുത്തി ക്രമീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

എന്നാൽ, കേരള യൂത്ത് കമ്മീഷൻ റൂൾ പ്രകാരം, ഡോ.ചിന്ത ജെറോമിന്



Generated from eOffice by USHA MATHEW, SG-ASST (B2) SYA, SG-ASST (B2) SYA, S&YA on 30/01/2023 05:36 PM

06.01.2017 മുതൽ ഒരു ലക്ഷം രൂപ ശമ്പളത്തിന് അർഹതയുണ്ട് എന്ന് ധനകാര്യ വകുപ്പ് ഇപ്പോൾ അറിയിച്ചിരിക്കയാണ്. (page 43 CF)

14.10.2016-ലാണ് കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സണായി കുമാരി ചിന്ത ജെറോം ചുമതലയേറ്റത് എന്നതിനാൽ 06.01.2017 മുതലാണോ ഒരു ലക്ഷം രൂപ ശമ്പളത്തിന് അർഹത എന്നുള്ള കാര്യത്തിലും, വീട്ട് വാടക ബത്ത നൽകുന്ന കാര്യത്തിലും വ്യക്തത വരുത്തുന്നതിനായി ഫയൽ ഒന്നു കൂടി ധനകാര്യ വകുപ്പിന് നൽകാവുന്നതാണ്.

പ്രിൻസിപ്പൽ സെക്രട്ടറി കൂടി കണ്ടാലും.

**01/12/2022 05:27 PM** — **MANOHARAN. P. V**
**JS (B) SYA**

---

**Note # 37**

#10 may be approved. For orders

**03/12/2022 11:47 AM** — **M. SIVASANKAR**
**PRL.SECY (SYA)**

---

**Note # 38**

As it is not clear from which date the arrears and benefits are to be disbursed from Note#37, Principal Secretary please clarify.

**23/12/2022 11:30 AM** — **P A MOHAMED RIYAS**
**MIN (YA)**

---

**Note # 39**

FD has agreed to provide the enhanced rates from 06.01.2017.

She had joined on 14.10.2016

Her predecessor in office had also staked claim for enhanced compensation and got a court order directing government to consider the claim.

In #37, I had suggested that suggestion at #10 sanctioning her the enhanced remuneration from 06.01.2017, as agreed to by FD, may be approved.

Her claim between 14.10.206 and 06.01.207, eligibility of HRA etc. may be decided after getting FDs clear instructions. Perhaps along with her predecessors claim

Hon. Minister may agree to concur to the suggestion at #10

**23/12/2022 02:07 PM** — **M. SIVASANKAR**
**PRL.SECY (SYA)**

---



Generated from eOffice by USHA MATHEW, SG-ASST (B2) SYA, SG-ASST (B2) SYA, S&YA on 30/01/2023 05:36 PM

**Note # 40**

**30/12/2022 10:09 AM** **P A MOHAMED RIYAS**
**MIN (YA)**

---

**Note # 41**

**30/12/2022 10:46 AM** **M. SIVASANKAR**
**PRL.SECY (SYA)**

---

**Note # 42**

**30/12/2022 11:48 AM** **MANOHARAN. P. V**
**JS (B) SYA**

---

**Note # 43**

Note # 40 ലെ ഉത്തരവിൻപ്രകാരം കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സൺ ഡോ. ചിന്ത ജെറോമിന് 6.1.2017 മുതൽ പ്രതിമാസ വേതനമായി ഒരു ലക്ഷം രൂപ അനുവദിച്ചുകൊണ്ടുള്ള കരട് സർക്കാർ ഉത്തരവ് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**05/01/2023 01:10 PM** **USHA MATHEW**
**SG-ASST (B2) SYA**

---

**Note # 44**

**05/01/2023 03:02 PM** **SANTHOSH R**
**DS (B) SYA**

---

**Note # 45**

ചംക്രമണ കുറിപ്പ്

കേരള സംസ്ഥാന യുവജന കമ്മീഷൻചെയർപേഴ്സൺ കുമാരി ചിന്ത



Generated from eOffice by USHA MATHEW, SG-ASST (B2) SYA, SG-ASST (B2) SYA, S&YA on 30/01/2023 05:36 PM

ജെറോമിന് 6.1.2017-ലെ സ.ഉ (സാ.ധാ) 3/17/കാ.യു.വ പ്രകാരം, യുവജന കമ്മീഷൻ ചെയർപേഴ്സന്റെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച വിഷയത്തിന്മേൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നത് വരെ പ്രതിമാസം 50,000/-രൂപ അഡ്വാൻസ് ശമ്പളവും ഔദ്യോഗിക യാത്രകൾക്ക് ഒന്നാം ക്ലാസ് കേരളസർക്കാർ ഉദ്യോഗസ്ഥർക്കുള്ള യാത്രബത്ത, ദിനബത്ത എന്നിവയും, ഔദ്യോഗിക വാഹനത്തിനും, സർക്കാർ ഗസ്റ്റ് ഹൗസ്/റസ്റ്റ് ഹൗസ് താമസത്തിനും, തിരുവനന്തപുരത്ത് ഔദ്യോഗിക താമസത്തിനായി പ്രതിമാസം 50,000/- നുമേൽ ശമ്പളത്തിന് ആനുപാതികമയ നിരക്കിലുള്ള വീട്ട് വാടക ബത്തക്കും (2500 രൂപ) അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

26.5.2018-ലെ സ. ഉ (അച്ചടി) 5/2018/കാ.യു.വപ്രകാരം നിലവിൽ വന്ന കമ്മീഷൻ ചട്ടങ്ങളിൽ ചെയർപേഴ്സന്റെ ശമ്പളം 1 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ടെങ്കിലും, ചട്ടങ്ങളുടെ പ്രാബല്യം 26.05.2018 മുതൽ മാത്രമായതിനാൽ, ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, സ.ഉ.(സാധാ) നം.231/2022/S&YA തീയതി 26/09/2022 പ്രകാരം, കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സണായി കുമാരി ചിന്ത ജെറോം ചുമതലയേറ്റ തീയതി മുതൽ 25/05/2018 വരെയുള്ള കാലയളവിലെ പ്രതിമാസ ശമ്പളം, അഡ്വാൻസായി നൽകിയ തുകയായ 50,000/- രൂപയായി നിജപ്പെടുത്തി ക്രമീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

എന്നാൽ, കേരള യൂത്ത് കമ്മീഷൻ റൂൾ പ്രകാരം, ഡോ. ചിന്ത ജെറോമിന് 06.01.2017 മുതൽ ഒരു ലക്ഷം രൂപ ശമ്പളത്തിന് അർഹതയുണ്ട് എന്ന് 28.11.2022-ലെ UO Note (page 43 CF ) പ്രകാരം ധനകാര്യ വകുപ്പ് അറിയിക്കുകയുണ്ടായി. തുടർന്ന് ഫയൽ അന്നത്തെ ബഹു. യുവജനകാര്യ വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിക്കുകയും 6.1.2017 മുതൽ പ്രതിമാസ വേതനമായി ഒരു ലക്ഷം രൂപ അനുവദിക്കുന്നത് അംഗീകരിക്കുകയും ചെയ്തു. 14.10.2016 മുതൽ 05.01.2017 വരെയുള്ള കുടിശ്ശികയുടെ കാര്യത്തിലും HRA-യുടെ കാര്യത്തിലും ധനകാര്യ വകുപ്പിന്റെ അഭിപ്രായം കൂടി ആരാഞ്ഞതിനുശേഷം തീരുമാനമെടുക്കാവുന്നതാണെന്ന നിർദ്ദേശവും അംഗീകരിക്കുകയുണ്ടായി.

[ബഹു.ഹൈക്കോടതിയിൽ കേരള സംസ്ഥാന യുവജന കമ്മീഷൻ മുൻ ചെയർപേഴ്സൺ അഡ്വ.ആർ.വി.രാജേഷ് ഫയൽ ചെയ്ത **WP (C) 24463/2017-ന്റെ** 9.11.2022-ലെ വിധിന്യായത്തിൽ അദ്ദേഹത്തിന് ചട്ടപ്രകാരമുള്ള തുക നൽകുന്നതിന് ബഹു ഹൈക്കോടതി ഉത്തരവായിട്ടുണ്ട് (to pay the amounts due as provided in the Rules). പ്രസ്തുത ഫയൽ അഭിപ്രായത്തിനായി ധനകാര്യ വകുപ്പിന് നൽകിയിരിക്കയാണ്]

മേൽ സാഹചര്യത്തിൽ, ശമ്പളം 50,000/- രൂപയായി നിജപ്പെടുത്തി ക്രമീകരിച്ചുകൊണ്ടുള്ള 26.09.2022-ലെ സ.ഉ.(സാധാ) നം.231/2022/S&YA റദ്ദ് ചെയ്യാവുന്നതും, കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സൺ കുമാരി ചിന്ത ജെറോമിന് 6.1.2017 മുതൽ പ്രതിമാസ വേതനമായി ഒരു ലക്ഷം രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കാവുന്നതുമാണ്.



Generated from eOffice by USHA MATHEW, SG-ASST (B2) SYA, SG-ASST (B2) SYA, S&YA on 30/01/2023 05:36 PM

യുവജനകാര്യ വകുപ്പിന്റെ ചുമതല പുതിയ മന്ത്രിയ്ക്ക് കൈമാറിയിട്ടുള്ള സാഹചര്യത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ് ഫയൽ കാണുന്നതിനായി ബഹു. യുവജനകാര്യ വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിക്കാവുന്നതാണ്.

**06/01/2023 03:21 PM** **MANOHARAN. P. V**
**JS (B) SYA**

---

**Note # 46**

Hon. Minister may also please see. The amendment of the Act to give retrospective effect to the Rules is at the final stage. once the Act is amended the benefit will automatically accrue to both the present chairperson and the previous chairman. For orders on the next steps

**06/01/2023 04:38 PM** **M. SIVASANKAR**
**PRL.SECY (SYA)**

---

**Note # 47**

26/05/2018 -ന് പ്രാബല്യത്തിൽ വന്ന ചട്ടങ്ങൾ പ്രകാരം അർഹമായ ആനുകൂല്യങ്ങൾ ധന വകുപ്പ് അംഗീകരിച്ച പ്രകാരം അനുവദിച്ച് നൽകുക.

**19/01/2023 05:09 PM** **SAJI CHERIAN**
**MIN (YA)**

---

**Note # 48**

**19/01/2023 05:42 PM** **M. SIVASANKAR**
**PRL.SECY (SYA)**

---

**Note # 49**

**20/01/2023 11:07 AM** **MANOHARAN. P. V**
**JS (B) SYA**

---

**Note # 50**



Generated from eOffice by USHA MATHEW, SG-ASST (B2) SYA, SG-ASST (B2) SYA, S&YA on 30/01/2023 05:36 PM

20/01/2023 12:18 PM — SANTHOSH R, DS (B) SYA

---

**Note # 51**

Note # 47-ലെ ഉത്തരവിൻപ്രകാരം കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സൺ ഡോ. ചിന്ത ജെറോമിന് 6.1.2017 മുതൽ പ്രതിമാസ വേതനമായി ഒരു ലക്ഷം രൂപ അനുവദിച്ചുകൊണ്ടുള്ള കരട് സർക്കാർ ഉത്തരവ് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

20/01/2023 04:43 PM — USHA MATHEW, SG-ASST (B2) SYA

---

**Note # 52**

21/01/2023 04:48 PM — ROSE MARY PRESILLA, SO (B) SYA

---

**Note # 53**

23/01/2023 11:51 AM — SANTHOSH R, DS (B) SYA

---

**Note # 54**

Vide orders at Note#47 ante, draft GO submitted for approval.

23/01/2023 12:31 PM — MANOHARAN. P. V, JS (B) SYA

---

**Note # 55**

In the GO, we may specify the date from which the amount is allowed

23/01/2023 12:43 PM — M. SIVASANKAR, PRL.SECY (SYA)

---



Generated from eOffice by USHA MATHEW, SG-ASST (B2) SYA, SG-ASST (B2) SYA, S&YA on 30/01/2023 05:36 PM

Note # 56

Orders above. Already specified in the last para of draft that from 06.01.2017 Rs. 1 Lakh is sanctioned.

Draft may be approved.

23/01/2023 12:54 PM

MANOHARAN. P. V
JS (B) SYA

---

Note # 57

23/01/2023 01:00 PM

M. SIVASANKAR
PRL.SECY (SYA)

---

Note # 58

23/01/2023 01:48 PM

MANOHARAN. P. V
JS (B) SYA

---

Note # 59

23/01/2023 02:18 PM

SANTHOSH R
DS (B) SYA

---

Note # 60

For DSC.

23/01/2023 02:35 PM

USHA MATHEW
SG-ASST (B2) SYA

---

Note # 61



Generated from eOffice by USHA MATHEW, SG-ASST (B2) SYA, SG-ASST (B2) SYA, S&YA on 30/01/2023 05:36 PM

**23/01/2023 02:41 PM**

**ROSE MARY PRESILLA**
**SO (B) SYA**

---



Generated from eOffice by USHA MATHEW, SG-ASST (B2) SYA, SG-ASST (B2) SYA, S&YA on 30/01/2023 05:36 PM

File No. SYA-B2/266/2022-SYA (Computer No. 2184627)

64612[illegible]/2022/SYA-OS 8309

E - 64 40599/2022/MIN(Tour)

**KERALA STATE YOUTH COMMISSION**

Vikas Bhavan, Thiruvananthapuram-695 033
Phone-Office : 0471-2308630

Pl. Secretary (YA)
Examine & put up.

Dated. 20/08/22

***CHINTHA JEROME***
Chairperson
Mob : 9495673704

നമ്പർ . 698/എ1/2018/കേ.സം.യു.ക.

പി. എ. മുഹമ്മദ് റിയാസ്
മന്ത്രി :
പൊതുമരാമത്തും, ടൂറിസവും
വകുപ്പ് മന്ത്രി

**ശ്രീ.പി.എ.മുഹമ്മദ് റിയാസ്**
**ബഹു.പൊതുമരാമത്ത് ടൂറിസം യുവജനകാര്യ വകുപ്പ് മന്ത്രി**

സർ,

വിഷയം : കേരള സംസ്ഥാന യുവജന കമ്മീഷൻ – ചെയർപേഴ്സന്റെ ശമ്പള കുടിശ്ശിക അനുവദിക്കുന്നത് – സംബന്ധിച്ച്.

സൂചന : 1. 04/10/2016 ലെ സ.ഉ.(സാധാ) നമ്പർ 209/2016/കായുവ ഉത്തരവ്.
2. 06/01/2017 ലെ സ.ഉ.(സാധാ) നമ്പർ 3/2017/കായുവ ഉത്തരവ്.
3. 26/05/2018 ലെ സ.ഉ.(അച്ചടി) നമ്പർ 05/2018/കായുവ നമ്പർ ചട്ടം.

SO(B)
2/8

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കുമാരി.ചിന്താ ജെറോം എന്ന എന്നെ സൂചന (1) ഉത്തരവ് പ്രകാരം 14/10/2016 തീയതിയിൽ കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സണായി നിയമിക്കുകയും, ചെയർപേഴ്സന്റെ സേവന വേതന വ്യവസ്ഥകൾ പിന്നീട് നിശ്ചയിക്കാമെന്ന് പ്രസ്തുത ഉത്തരവിൽ പരാമർശിക്കുകയും ചെയ്തിട്ടുണ്ട്. നിയമിതയായി 3 മാസം പിന്നിട്ടിട്ടും സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് ഉത്തരവുകൾ ഒന്നും പുറത്തിറങ്ങാതിരുന്നതിനാൽ കായിക യുവജന കാര്യ വകുപ്പ് സെക്രട്ടറി സൂചന (2) പ്രകാരം അഡ്വാൻസായി 50,000/- രൂപ കൈപ്പറ്റാമെന്നും, തുടർന്ന് അനുവദിക്കുന്ന മുറയ്ക്ക് അത് ക്രമീകരിക്കാമെന്നും ഉത്തരവ് നൽകിയിട്ടുള്ളത്. അഡ്വാൻസ് ശമ്പളമായി 50,000/- രൂപ കൈപ്പറ്റി വരികെ സൂചന (3) പ്രകാരം കമ്മീഷൻ ചട്ടങ്ങൾ 26/05/2018 ൽ നിലവിൽ വന്നു. ടി ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് ചെയർപേഴ്സന്റെ ശമ്പളം 1,00,000/- രൂപയായി നിജപ്പെടുത്തിയിട്ടുള്ളത്. ടി ചട്ടങ്ങൾ രൂപപ്പെട്ട് വരുന്നതു വരെ യുവജന കമ്മീഷൻ ചെയർപേഴ്സന്റെ ശമ്പളം നിശ്ചയിച്ച് കൊണ്ട് യാതൊരു ഉത്തരവുകളും പുറപ്പെടുവിച്ചിട്ടില്ല. ടി കാലയളവിൽ സൂചന (2) ഉത്തരവ് പ്രകാരമുള്ള അഡ്വാൻസ് തുക മാത്രമാണ് കൈപ്പറ്റിയത്. ടി കാലയളവിലെ തുക ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് കത്ത് നൽകിയപ്പോൾ ചട്ടങ്ങൾക്ക്



Generated from eOffice by USHA MATHEW, SG-ASST (B2) SYA, SG-ASST (B2) SYA, S&YA on 30/01/2023 05:37 PM

മുൻകാല പ്രാബല്യം ഇല്ലാത്തതിനാൽ കുടിശ്ശിക നൽകാൻ കഴിയില്ല എന്ന മറുപടിയാണ് ലഭ്യമായത്. മുൻകാല പ്രാബല്യമില്ലാത്തതിനാൽ ചെയർപേഴ്സണായി നിയമിതയായതു മുതൽ ചട്ടങ്ങൾ രൂപവത്കരിക്കപ്പെട്ട കാലയളവു വരെ കൈപ്പറ്റിയ ശമ്പളത്തെ സംബന്ധിച്ച് അനിശ്ചിതത്വം നിലനിൽക്കുകയാണ്. ആയതിനാൽ 14/10/2016 മുതൽ 25/05/2018 വരെയുള്ള കാലയളവിൽ ഞാൻ വാങ്ങിയ അഡ്വാൻസ് തുകയെ സംബന്ധിച്ച വ്യക്തതയും, അഡ്വാൻസായി കൈപ്പറ്റിയ തുകയും, നിജപ്പെടുത്തിയ ചട്ടങ്ങളിലെ ശമ്പളവും തമ്മിലുള്ള കുടിശ്ശിക അനുവദിക്കണമെന്നും വിനീതമായി അപേക്ഷിക്കുന്നു.

ചെയർപേഴ്സൺ



Generated from eOffice by USHA MATHEW, SG-ASST (B2) SYA, SG-ASST (B2) SYA, S&YA on 30/01/2023 05:37 PM

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കായിക യുവജനകാര്യ വകുപ്പ് - കേരള സംസ്ഥാന യുവജന കമ്മീഷൻ - കുമാരി ചിന്താ ജെറോമിനെ ചെയർപേഴ്സണായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=============================================================

**കായിക യുവജനകാര്യ (ബി) വകുപ്പ്**

**സ:ഉ.(സാധാ) നം.209/16/കായുവ.** **തിരുവനന്തപുരം, തീയതി .04.10.2016**

=============================================================

***<u>പരാമർശം</u>*** 1. സ.ഉ(സാധാ) നം. 134/13/കാ.യു.വ തീയതി 20.07.2013

2. 26.09.2016 തീയതിയിലെ കേരള സംസ്ഥാന യുവജന കമ്മീഷൻ സെക്രട്ടറിയുടെ നം.530/എ 3/2016/കേ.സം.യു.ക നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന യുവജന കമ്മീഷന്റെ ചെയർ പേഴ്സണായി അഡ്വ. ആർ.വി രാജേഷ് പരാമർശം 1 പ്രകാരം നിയമിതനാവുകയും, ടിയാൻ 2016 ആഗസ്റ്റ് മാസം 31 ന് രാജി സമർപ്പിച്ച് സേവനത്തിൽ നിന്നും വിരമിച്ചു എന്നും കമ്മീഷന്റെ ദൈനംദിന കാര്യങ്ങളുടെ പൊതുവായ മേൽനോട്ടം, മാർഗ്ഗനിർദ്ദേശം, ഭരണ നിർവ്വഹണം എന്നിവ ചെയർപേഴ്സണിൽ നിക്ഷിപ്തമായതിനാൽ അടിയന്തിരമായി പുതിയ കമ്മീഷൻ ചെയർപേഴ്സൺ നിയമനം നടത്താൻ വേണ്ട നടപടി സ്വീകരിക്കണമെന്നും സൂചന (2) പ്രകാരം കേരള സംസ്ഥാന യുവജന കമ്മീഷൻ സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു.

(2) മേൽ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കുമാരി ചിന്താ ജറോംനെ (ചിന്താ ലാൻഡ്, ദിവ്യാ നഗർ, പട്ടത്താനം പി.ഒ, കൊല്ലം) കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സണായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു. ടിയാളുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച ഉത്തരവ് പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എ.പി.എം. മുഹമ്മദ് ഹനീഷ്
ഗവ. സെക്രട്ടറി

കുമാരി. ചിന്താ ജറോം, ചിന്താ ലാൻഡ്, ദിവ്യാ നഗർ, പട്ടത്താനം പി.ഒ, കൊല്ലം
ഡയറക്ടർ,കായികയുവജനകാര്യ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള യൂത്ത് കമ്മീഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഐ&പി ആർഡി, (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ.

പകർപ്പ് - ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. വ്യവസായവും കായിക യുവജനകാര്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
കായിക യുവജനകാര്യ വകുപ്പ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്.



Generated from eOffice by USHA MATHEW, SG-ASST (B2) SYA, SG-ASST (B2) SYA, S&YA on 30/01/2023 05:37 PM

36/2022/SYA-OS

**കേരള സർക്കാർ**

**സംഗ്രഹം**

കായിക യുവജനകാര്യ വകുപ്പ് - കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സന് അഡ്വാൻസ് ശമ്പളവും മറ്റാനുകൂല്യങ്ങളും അന്തിമ തീരുമാനത്തിനു വിധേയമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

**കായിക യുവജനകാര്യ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.3/2017/കായുവ. തിരുവനന്തപുരം, തീയതി 06..01..2017**

***പരാമർശം*** 1. സ.ഉ(സാധാ) നം. 51/14/കാ.യു.വ തീയതി 04.03.2014.
2. സ.ഉ(സാധാ) നം.209/2016/കായുവ തീയതി 04.10.2016.

**ഉത്തരവ്**

കേരള സംസ്ഥാന യുവജന കമ്മീഷൻ മുൻ ചെയർമാൻ ശ്രീ. ആർ.വി.രാജേഷിന് 50,000/- രൂപ (അമ്പതിനായിരം രൂപ മാത്രം) കൺസോളിഡേറ്റഡ് തുക പ്രതിമാസ ശമ്പളമായി അനുവദിച്ച് ഉത്തരവാകുകയും ടിയാന്റെ സേവന വേതന വ്യവസ്ഥകൾ പ്രത്യേകമായി പുറപ്പെടുവിക്കുമെന്ന് പരാമർശം 1 പ്രകാരം ഉത്തരവാകുകയുമുണ്ടായി.

2. പരാമർശം (2) പ്രകാരം കേരള സംസ്ഥാന യുവജന കമ്മീഷനിൽ ശ്രീമതി. ചിന്താ ജെറോമിനെ നിയമിക്കുകയും ടി ഉത്തരവിൽ ടിയാളുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച ഉത്തരവ് പ്രത്യേകം പുറപ്പെടുവിക്കും എന്നും പരാമർശിച്ചിരുന്നു.

03. മേൽ സാഹചര്യങ്ങൾ പരിഗണിച്ചും, കേരള സംസ്ഥാന യുവജനകമ്മീഷൻ ചെയർ പേഴ്സന്റെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച വിഷയത്തിന്മേൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതുവരെ, നിലവിലെ ചെയർപേഴ്സനായ ശ്രീമതി. ചിന്താ ജെറോമിന് പ്രതിമാസം 50,000/- രൂപ (അൻപതിനായിരം രൂപ മാത്രം) അഡ്വാൻസ് ശമ്പളവും, ഔദ്യോഗിക യാത്രകൾക്ക് ഒന്നാം ക്ലാസ് കേരള സർക്കാർ ഉദ്യോഗസ്ഥർക്കുള്ള യാത്രാബത്ത, ദിനബത്ത എന്നിവയും, ഔദ്യോഗിക വാഹനത്തിനും സർക്കാർ ഗസ്റ്റ് ഹൗസ്/റസ്റ്റ് ഹൗസ് താമസത്തിനും, തിരുവനന്തപുരത്ത് ഔദ്യോഗിക താമസത്തിനായി പ്രതിമാസം 50,000/-നുമേൽ ശമ്പളത്തിന് ആനുപാതികമായ നിരക്കിലുള്ള വീട്ടുവാടക ബത്തക്കും, (2500 രൂപ) അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.



Generated from eOffice by USHA MATHEW, SG-ASST (B2) SYA, SG-ASST (B2) SYA, S&YA on 30/01/2023 05:37 PM

4. സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച വിഷയത്തിന്മേൽ അന്തിമ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് അധിക തുക സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത തുക തിരിച്ചുപിടിക്കും എന്നും ഇതിനാൽ വ്യവസ്ഥ ചെയ്ത് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.
**ഡോ. ബി. അശോക് ഐ.എ.എസ്.**
ഗവ. സെക്രട്ടറി.

സെക്രട്ടറി, കേരള സംസ്ഥാന യുവജന കമ്മീഷൻ, തിരുവനന്തപുരം
ശ്രീമതി. ചിന്താ ജെറോം, ചെയർപേഴ്സൺ, കേരള സംസ്ഥാന യുവജന കമ്മീഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം.
സബ്ട്രഷറി ഓഫീസർ, വികാസ്ഭവൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (ഫയൽ സഹിതം അന്തിമതീരുമാനത്തിനായി)
ഡയറക്ടർ, ഐ&പി ആർഡി, (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം.
സെക്ഷൻ ഓഫീസർ



Generated from eOffice by USHA MATHEW, SG-ASST (B2) SYA, SG-ASST (B2) SYA, S&YA on 30/01/2023 05:07 PM

31

കേരള സർക്കാർ

നം. B2/209/2021-കാ.യു.വ

കായിക യുവജനകാര്യ (ബി) വകുപ്പ്
തിരുവനന്തപുരം, തീയതി : 3.11.2021

പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി,
കേരള സ്റ്റേറ്റ് യൂത്ത് കമ്മീഷൻ, തിരുവനന്തപുരം

മാഡം ,

വിഷയം:- കായിക യുവജനകാര്യ വകുപ്പ് - കായിക യുവജനകാര്യ വകുപ്പ് - കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സൺ കുമാരി ചിന്താ ജെറോമിന്റെ ശമ്പള കുടിശ്ശിക - സ്പഷ്ടീകരണം - സംബന്ധിച്ച്

സൂചന:- താങ്കളുടെ 8.10.2021 ലെ 698/എ 2/2018/കേ.സം.യു.ക നമ്പർ കത്ത്

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം യുവജന കമ്മീഷൻ ചെയർപേഴ്സന്റെ ശമ്പളം ഒരു ലക്ഷം രൂപയായി നിശ്ചയിച്ച് കൊണ്ടുള്ള ഉത്തരവിനു 26.05.2018 മുതൽ മാത്രമാണ് പ്രാബല്യമുള്ളത് എന്നതിനാൽ പ്രസ്തുത തീയതി മുതൽ മാത്രമേ 26.05.2018- ലെ സ.ഉ (അച്ചടി) നമ്പർ 05/2018/കാ.യു.വ പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുള്ളൂ എന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,

സരിത . ഡി
ജോയിന്റ് സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി



Generated from eOffice by USHA MATHEW, SG-ASST (B2) SYA, SG-ASST (B2) SYA, S&YA on 30/01/2023 05:37 PM

©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY
### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, തിങ്കൾ<br>Thiruvananthapuram, Monday | 2018 മേയ് 28<br>28th May 2018<br>1193 ഇടവം 14<br>14th Idavam 1193<br>1940 ജ്യേഷ്ഠം 7<br>7th Jyaishta 1940 | നമ്പർ<br>No. 1391 |

## കേരള സർക്കാർ

കായിക യുവജനകാര്യ (ബി) വകുപ്പ്

## വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 5/2018/കാ.യു.വ. തിരുവനന്തപുരം, 2018 മേയ് 26 / 1193 ഇടവം 12.

**എസ്. ആർ. ഒ. നമ്പർ 327/2018.**—2014-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ആക്റ്റിലെ (2014-ലെ 6) 18-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, കേരള സർക്കാർ, താഴെപ്പറയുന്ന ചട്ടങ്ങൾ ഇതിനാൽ ഉണ്ടാക്കുന്നു, അതായത്:—

## ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2018-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2018.

33/2038/2018/S-11.

2. <u>നിർവ്വചനങ്ങൾ.</u>—(1) ഈ ചട്ടങ്ങളിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "ആക്റ്റ്" എന്നാൽ 2014-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ആക്റ്റ് (2014-ലെ 6) എന്നർത്ഥമാകുന്നു;

(ബി) "പരാതി" എന്നാൽ യുവജനങ്ങളുടെ അവകാശങ്ങളുടെയോ അവർക്കായി നിശ്ചയിക്കപ്പെട്ടിട്ടുള്ള സംരക്ഷണ വ്യവസ്ഥകളുടെയോ നിഷേധത്തിനെതിരെയുള്ളതും യുവാക്കളിൽനിന്നോ യുവാക്കൾക്കുവേണ്ടി മറ്റേതെങ്കിലും വ്യക്തി അല്ലെങ്കിൽ സംഘടന മുഖേനയോ, നേരിട്ട് അല്ലെങ്കിൽ തപാൽ/ഫാക്സ്/ഇ-മെയിൽ/മറ്റേതെങ്കിലും മാധ്യമം മുഖേന കമ്മീഷനിൽ ലഭിക്കുന്ന എല്ലാ പരാതികളും നിവേദനങ്ങളും എന്നർത്ഥമാകുന്നു;

(സി) "സെക്രട്ടറി" എന്നാൽ കേരള സംസ്ഥാന യുവജന കമ്മീഷന്റെ സെക്രട്ടറി എന്നർത്ഥമാകുന്നു;

(2) ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷേ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ആക്റ്റിൽ നിർവ്വചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും ആക്റ്റിൽ അവയ്ക്ക് നൽകിയിട്ടുള്ള അർത്ഥം യഥാക്രമം ഉണ്ടായിരിക്കുന്നതാണ്.

3. <u>ആസ്ഥാനം.</u>—കേരള സംസ്ഥാന യുവജന കമ്മീഷന്റെ ആസ്ഥാനം തിരുവനന്തപുരം ആയിരിക്കുന്നതാണ്.

4. <u>സെക്രട്ടറിയുടെ അധികാരങ്ങളും ചുമതലകളും.</u>—സെക്രട്ടറിക്ക് താഴെ പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ആക്റ്റിലെ 9-ഉം 10-ഉം വകുപ്പുകൾ പ്രകാരം കമ്മീഷനിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നതിനും അധികാരങ്ങൾ വിനിയോഗിക്കുന്നതിനുമായി കമ്മീഷൻ കൈക്കൊള്ളുന്ന ഏതൊരു തീരുമാനവും നടപ്പിലാക്കുക;

(ബി) ആക്റ്റിലെ 4-ാം വകുപ്പ് (7)-ാം ഉപവകുപ്പ് പ്രകാരം ചെയർപേഴ്സന്റെ നിർദ്ദേശാനുസരണം കമ്മീഷന്റെ ശരിയായ ഭരണ നിർവ്വഹണത്തിനും ദൈനംദിന കാര്യങ്ങളുടെ നടത്തിപ്പിനും ആവശ്യമായ അധികാരങ്ങൾ വിനിയോഗിക്കുക;

(സി) ചെയർപേഴ്സണുമായി കൂടിയാലോചിച്ച് കമ്മീഷന്റെ യോഗങ്ങൾ വിളിച്ചുകൂട്ടുകയും ബന്ധപ്പെട്ട എല്ലാവർക്കും യോഗത്തിന്റെ നോട്ടീസുകൾ യഥാസമയം ലഭ്യമാക്കുകയും ചെയ്യുക;

(ഡി) കമ്മീഷന്റെ യോഗത്തിന്റെ ക്വാറം ഉറപ്പുവരുത്തുക;

(ഇ) ചെയർപേഴ്സണുമായി കൂടിയാലോചിച്ച് കമ്മീഷന്റെ യോഗത്തിന്റെ അജണ്ട തയ്യാറാക്കുക;

(എഫ്) യോഗത്തിന്റെ അജണ്ടയിലെ ഇനങ്ങളുമായി ബന്ധപ്പെട്ട പ്രസക്തമായ രേഖകൾ, ആവശ്യമെങ്കിൽ, കമ്മീഷന് ലഭ്യമാക്കുക;

(ജി) യോഗത്തിന്റെ മുന്നോടിയായി അംഗങ്ങൾക്ക് അജണ്ട ചംക്രമണം ചെയ്ത് ആയത് ലഭിച്ചതായി ഉറപ്പുവരുത്തുക;

(എച്ച്) കമ്മീഷന്റെ യോഗങ്ങളുടെ നടപടിക്കുറിപ്പുകൾ തയ്യാറാക്കുകയും യോഗതീരുമാനങ്ങൾ നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും, യോഗതീരുമാനങ്ങളുടെ നടപടിറിപ്പോർട്ട് കമ്മീഷന്റെ തുടർസമ്മേളനങ്ങളിൽ സമർപ്പിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക;

(ഐ) കമ്മീഷന്റെ പ്രവർത്തനത്തിന്റെ നടപടിക്രമങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുക;

(ജെ) ഗ്രാന്റ് അനുവദിക്കൽ, തസ്തിക സൃഷ്ടിക്കൽ, ശമ്പള പരിഷ്കരണം, വാഹനങ്ങൾ ലഭ്യമാക്കൽ, വാർഷിക ആഡിറ്റ് റിപ്പോർട്ടുകൾ നിയമസഭയിൽ സമർപ്പിക്കൽ, ധനവിനിയോഗം, മറ്റ് സംസ്ഥാനങ്ങളിലേക്കും വിദേശങ്ങളിലേക്കുമുള്ള യാത്രകൾക്കുള്ള അനുമതി, കൂടാതെ സർക്കാർ അനുമതി ആവശ്യമാണെന്ന് ബോദ്ധ്യമാകുന്ന മറ്റ് വിഷയങ്ങൾ എന്നിവ കമ്മീഷന്റെ അംഗീകാരത്തോടുകൂടി സർക്കാരിന് സമർപ്പിക്കുക;

(കെ) കമ്മീഷന്റെ പേരിൽ സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ള സാമ്പത്തിക അധികാരങ്ങൾ വിനിയോഗിക്കുക.

5. <u>ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ശമ്പളവും മറ്റ് ബത്തകളും.</u>— ചെയർപേഴ്സന്റെ ശമ്പളം ഒരു ലക്ഷം രൂപയായി നിജപ്പെടുത്തുന്നു. സിറ്റിംഗ് ഫീ, യാത്രാബത്ത, മറ്റ് ബത്തകൾ എന്നിവയ്ക്കായി ചെയർപേഴ്സനെ ഗ്രേഡ് 1/ ക്ലാസ് 1 ആയി പരിഗണിക്കേണ്ടതാണ്:

എന്നാൽ ചെയർപേഴ്സന്റെ ശമ്പളവും മറ്റ് ബത്തകളും സർക്കാർ കാലാകാലങ്ങളിൽ തീരുമാനിക്കുന്നപ്രകാരം പുതുക്കി നിശ്ചയിക്കാവുന്നതാണ്.

**കമ്മീഷൻ അംഗങ്ങൾക്ക് 15,000 രൂപ ഓണറേറിയവും 400 രൂപ സിറ്റിംഗ് ഫീസും സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള യാത്രാബത്തയും അനുവദിക്കാവുന്നതാണ്.**

6. <u>കമ്മീഷന്റെ യോഗങ്ങൾ വിളിച്ചുകൂട്ടുന്നതിനും നടത്തുന്നതിനുമുള്ള നടപടിക്രമങ്ങൾ.</u>—(1) കമ്മീഷന്റെ സാധാരണ യോഗങ്ങൾ മാസത്തിലൊരിക്കലെങ്കിലും കമ്മീഷന്റെ ആസ്ഥാനത്തുവച്ച് കൂടേണ്ടതാണ്:

എന്നാൽ കമ്മീഷന്റെ രണ്ട് യോഗങ്ങളുടെ ഇടവേള മൂന്ന് മാസത്തിൽ കൂടുവാൻ പാടുള്ളതല്ല. ചെയർപേഴ്സണ് യുക്തമെന്ന് തോന്നുന്നപക്ഷം, കമ്മീഷന്റെ യോഗമോ സിറ്റിംഗുകളോ സംസ്ഥാനത്തെ മറ്റ് സ്ഥലങ്ങളിൽവച്ചും നടത്താവുന്നതാണ്.

(2) പൊതു താൽപ്പര്യാർത്ഥമോ പ്രത്യേക കേസുകളുടെ അടിയന്തര സാഹചര്യം കണക്കിലെടുത്തോ ചെയർപേഴ്സന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കമ്മീഷന് ജില്ലാ ആസ്ഥാനങ്ങളിലോ സംസ്ഥാനത്തിനുള്ളിലെ മറ്റ് സ്ഥലങ്ങളിലോ ക്യാമ്പ് സിറ്റിംഗുകൾ നടത്താവുന്നതാണ്.

(3) അടിയന്തര പ്രാധാന്യമുള്ള ഒരു പ്രത്യേക വിഷയം പരിഗണിക്കുന്നതിന് ചെയർപേഴ്സണ് സ്വമേധയായോ, ഏതെങ്കിലും അംഗത്തിന്റെ ആവശ്യപ്രകാരമോ സംസ്ഥാനത്ത് സൗകര്യപ്രദമായ സ്ഥലത്ത് വച്ച് പ്രത്യേക യോഗം കുടാവുന്നതാണ്.

(4) (1), (2), (3) എന്നീ ഉപചട്ടങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഭൂരിപക്ഷം അംഗങ്ങൾ രേഖാമൂലം ആവശ്യപ്പെട്ടാൽ കമ്മീഷന്റെ ഒരു അസാധാരണ യോഗം സെക്രട്ടറി വിളിച്ചു കൂട്ടേണ്ടതാണ്.

(5) പരാതികൾ തീർപ്പ് കൽപ്പിക്കുന്നതിനായും കമ്മീഷൻ നിശ്ചിത ഇടവേളകളിൽ യോഗം ചേരേണ്ടതാണ്.

(6) ചെയർപേഴ്സന്റെ മുൻകൂർ അനുമതിയോടെ കമ്മീഷൻ ഒന്നായോ, ചില അംഗങ്ങൾ മാത്രമായോ, കമ്മീഷന്റെ കാര്യനിർവ്വഹണാർത്ഥം, ആസ്ഥാനത്തിന് പുറത്ത് എന്നാൽ സംസ്ഥാനത്തിനകത്ത് യോഗം ചേരാവുന്നതാണ്. ഇത്തരത്തിലുള്ള യോഗങ്ങളിലും അന്വേഷണങ്ങളിലും പങ്കെടുക്കുന്ന അംഗങ്ങൾക്ക് യാത്രാബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(7) കമ്മീഷന്റെ യോഗത്തിൽ ചെയർപേഴ്സൺ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്. ചെയർപേഴ്സന്റെ അഭാവത്തിൽ യോഗത്തിൽ ഹാജരുള്ള അംഗങ്ങളിൽനിന്നും തെരഞ്ഞെടുക്കുന്ന ഒരാൾ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(8) കമ്മീഷന്റെ യോഗത്തിൽ ക്വാറം കമ്മീഷനിൽ നിയമിതരായ അംഗങ്ങളുടെ പകുതിയിൽ കൂടുതലായിരിക്കുന്നതാണ്.

(9) കമ്മീഷന്റെ യോഗതീരുമാനങ്ങൾ ഭൂരിപക്ഷ വോട്ടുപ്രകാരം ആയിരിക്കേണ്ടതും വോട്ടുകൾ തുല്യമാകുന്ന സംഗതികളിൽ ചെയർപേഴ്സണോ, അദ്ദേഹത്തിന്റെ അഭാവത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്ന ആളിനോ ഒരു കാസ്റ്റിംഗ് വോട്ട് വിനിയോഗിക്കാവുന്നതാണ്.

(10) സെക്രട്ടറിയും ചെയർപേഴ്സൺ നിർദ്ദേശിക്കുന്ന പ്രകാരമുള്ള മറ്റുദ്യോഗസ്ഥരും കമ്മീഷന്റെ യോഗത്തിൽ ഹാജരാകേണ്ടതാണ്.

(11) യോഗത്തിന്റെ സ്ഥലം, തീയതി, സമയം, അജണ്ട എന്നിവ അറിയിച്ചുകൊണ്ടുള്ള നോട്ടീസ് യോഗതീയതിക്ക് അഞ്ച് ദിവസമെങ്കിലും മുമ്പായി അംഗങ്ങൾക്ക് നൽകേണ്ടതാണ്:

എന്നാൽ ഏതെങ്കിലും കാര്യത്തിൽ കമ്മീഷന്റെ അടിയന്തിര തീരുമാനം അനിവാര്യമാകുന്ന ഘട്ടങ്ങളിൽ 24 മണിക്കൂറിൽ കുറയാത്ത സമയത്തെ നോട്ടീസ് നൽകി ഒരു അസാധാരണ യോഗം കൂടാവുന്നതാണ്.

(12) യോഗനടപടിക്കുറിപ്പ് സെക്രട്ടറിയോ, ഈ ആവശ്യത്തിലേക്കായി സെക്രട്ടറി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ യോഗവേളയിൽ തയ്യാറാക്കേണ്ടതാണ്.

(13) കമ്മീഷന്റെ യോഗത്തിന്റെ നടപടിക്കുറിപ്പുകൾ അംഗീകാരത്തിനായി ചെയർപേഴ്സന് സമർപ്പിക്കേണ്ടതും അംഗീകാരത്തിനു ശേഷം, എത്രയുംവേഗം, അടുത്ത യോഗത്തിനുമുൻപായി എല്ലാ അംഗങ്ങൾക്കും നടപടിക്കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതുമാണ്.

(14) ഓരോ വിഷയത്തിലുമുള്ള കമ്മീഷന്റെ തീരുമാനങ്ങൾ അഭിപ്രായമെന്ന രീതിയിൽ രേഖപ്പെടുത്തേണ്ടതും വിയോജന കുറിപ്പുകൾ, ഏതെങ്കിലും ഉണ്ടെങ്കിൽ, രേഖപ്പെടുത്തേണ്ടതുമാണ്. വ്യത്യസ്ത അഭിപ്രായമുള്ള സന്ദർഭങ്ങളിൽ ഭൂരിപക്ഷാഭിപ്രായപ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്.

(15) കമ്മീഷന്റെ യോഗനടപടിക്കുറിപ്പുകൾ ചെയർപേഴ്സൺ അംഗീകരിക്കുന്നതുവരെ, പ്രത്യേകമായി നിർദ്ദേശിക്കപ്പെടാത്തപക്ഷം, സെക്രട്ടറി അതിന്മേൽ നടപടികളൊന്നും സ്വീകരിക്കാൻ പാടില്ലാത്തതാണ്.

(16) കമ്മീഷന്റെ യോഗനടപടിക്കുറിപ്പുകൾ സെക്രട്ടറി ഒപ്പിട്ട് സൂക്ഷിക്കേണ്ടതാണ്.

(17) കമ്മീഷന്റെ യോഗത്തിലെടുക്കുന്ന തീരുമാനങ്ങൾ, തീരുമാനമെടുക്കുന്ന തീയതി മുതൽ 15 ദിവസത്തിനുള്ളിൽ സർക്കാരിനെ അറിയിക്കേണ്ടതാണ്.

(18) തുടർനടപടികൾ ആവശ്യമില്ലാത്ത ഇനങ്ങളിലൊഴികെ, മുൻ തീരുമാനങ്ങളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട്, നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കി തുടർന്നുള്ള യോഗത്തിൽ സെക്രട്ടറി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

7. പരാതി സമർപ്പിക്കുന്ന രീതി.—(1) കമ്മീഷൻ മുമ്പാകെ സമർപ്പിക്കുന്ന ഓരോ പരാതിയും മലയാളത്തിലോ ഇംഗ്ലീഷിലോ എഴുതി നേരിട്ടോ, തപാൽ വഴിയോ, ഇലക്ട്രോണിക് മാധ്യമം മുഖേനയോ സമർപ്പിക്കേണ്ടതാണ്.

(2) എല്ലാ പരാതികളിലും വിഷയം സംബന്ധിച്ച വ്യക്തമായ വിവരങ്ങളും പരാതിക്കാരന്റെയും എതിർകക്ഷിയുടെയും പേരും മേൽവിലാസവും ഉണ്ടായിരിക്കേണ്ടതാണ്.

8. ഫീസ്.—പരാതി സമർപ്പിക്കുന്നതിന് ഫീസ് ഉണ്ടായിരിക്കുന്നതല്ല.

9. ന്യൂനതയുള്ള പരാതികൾ.—താഴെപ്പറയുന്ന ഏതെങ്കിലും ന്യൂനതയുള്ള പരാതികൾ പ്രത്യക്ഷത്തിൽത്തന്നെ കമ്മീഷന് തള്ളിക്കളയാവുന്നതാണ്:

(എ) വായിക്കാൻ കഴിയാത്തവ;

(ബി) അവ്യക്തം, ഊമഹർജി, കപടനാമത്തിലുള്ളവ;

(സി) സിവിൽ തർക്കങ്ങളുമായി ബന്ധപ്പെട്ടവ;

(ഡി) കോടതികളുടെയോ ട്രൈബ്യൂണലുകളുടെയോ പരിഗണനയിലുള്ളവ;

(ഇ) ഒപ്പിടാത്തതോ, മറ്റ് രീതിയിൽ പ്രമാണീകരിക്കാത്തതോ ആയവ;

(എഫ്) പരാതിയിലെ വിഷയം കമ്മീഷന്റെ പരിധിക്ക് പുറത്തുള്ളവ;

(ജി) ചട്ടം 7-ൽ പറയുന്ന വ്യവസ്ഥകൾ പാലിച്ചിട്ടില്ലാത്തവ.

10. പരാതി തീർപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ.—കമ്മീഷന്, അതിന് യുക്തമെന്നുതോന്നുന്ന ഏതൊരു സമയത്തും,—

(എ) പരാതിക്കാരനിൽനിന്നും കൂടുതൽ വിവരങ്ങൾ ആവശ്യപ്പെടാവുന്നതും;

(ബി) പരാതിക്ക് ആധാരമായ വസ്തുതകൾ വ്യക്തമാക്കുന്ന സത്യവാങ്മൂലം സമർപ്പിക്കുന്നതിന് പരാതിക്കാരനോട് ആവശ്യപ്പെടാവുന്നതും;

(സി) പരാതിക്കാരനിൽനിന്നും രേഖാമൂലം സത്യപ്രസ്താവന ആവശ്യപ്പെടാവുന്നതും;

(ഡി) നോട്ടീസ് നൽകിയോ മറ്റേതെങ്കിലും മാർഗ്ഗത്തിലൂടെയോ പരാതിക്കാരനിൽനിന്നും മൊഴി രേഖപ്പെടുത്താവുന്നതും;

(ഇ) കമ്മീഷന് ഉചിതമെന്ന് തോന്നുന്നപക്ഷം എതിർകക്ഷി ഉൾപ്പെടെയുള്ള ബന്ധപ്പെട്ടവരിൽനിന്നും തുടർനടപടികൾക്കായി റിപ്പോർട്ടുകൾ ആവശ്യപ്പെടാവുന്നതും ആകുന്നു.

11. <u>കമ്മീഷന്റെ സിറ്റിംഗ്</u>—(1) സെക്രട്ടറി ചെയർപേഴ്ണുമായി കൂടിയാലോചിച്ച് ആവശ്യമായ സന്ദർഭങ്ങളിൽ കമ്മീഷന്റെ സിറ്റിംഗ് നടത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(2) ഓരോ അംഗത്തിനും സിറ്റിംഗ് സംബന്ധിച്ച നോട്ടീസ് അഞ്ച് ദിവസം മുമ്പ് നൽകേണ്ടതാണ്. എന്നിരുന്നാലും, ചെയർപേഴ്സന്, അംഗങ്ങൾക്ക് ഇരുപത്തിനാല് മണിക്കൂർ നോട്ടീസ് നൽകി, അസാധാരണ സിറ്റിംഗ് നടത്താവുന്നതാണ്.

12. <u>കമ്മീഷനിൽ പ്രത്യേകം ക്ഷണിക്കപ്പെടുന്നവർക്കുള്ള ബത്ത.</u>— ആക്റ്റിലെ 8-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം യോഗത്തിൽ പങ്കെടുക്കുന്ന പ്രത്യേകമായ അറിവുള്ള ക്ഷണിതാക്കൾക്ക് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ പ്രതിഫലം നൽകാവുന്നതാണ്.

13. <u>കമ്മീഷനിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും സേവന വ്യവസ്ഥകൾ.</u>— (1) ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും സേവന വ്യവസ്ഥകൾ, അച്ചടക്ക നടപടികൾ എന്നിവ കേരള സർവ്വീസ് ചട്ടങ്ങളും, സർക്കാർ രൂപീകരിച്ചിട്ടുള്ളതും കാലാകാലങ്ങളിൽ രൂപീകരിക്കുന്നതുമായ ബന്ധപ്പെട്ട മറ്റ് ചട്ടങ്ങളും പ്രകാരമായിരിക്കുന്നതാണ്.

(2) അർഹതയ്ക്കും കേരള സർവ്വീസ് ചട്ടങ്ങളിലെ നിബന്ധനകൾക്കും വിധേയമായി,—

(എ) ചെയർപേഴ്സന് അവധി അനുവദിക്കുന്നത് സർക്കാർ ആയിരിക്കുന്നതാണ്;

(ബി) അംഗങ്ങൾക്കും സെക്രട്ടറിക്കും അവധി അനുവദിക്കുന്നത് ചെയർപേഴ്സണായിരിക്കുന്നതാണ്;

(സി) കമ്മീഷനിലെ മറ്റ് ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും അവധി അനുവദിക്കുന്നത് സെക്രട്ടറിയായിരിക്കുന്നതാണ്.

14. <u>സാമ്പത്തിക അധികാരങ്ങളുടെ നിയന്ത്രണം.</u>—കമ്മീഷന്റെ എല്ലാ സാമ്പത്തിക അധികാരങ്ങളും പൊതു ധനകാര്യ ചട്ടങ്ങളും, സാമ്പത്തിക അധികാരങ്ങളുടെ വിനിയോഗവും, കാലാകാലങ്ങളിൽ ധനകാര്യ വകുപ്പ് പുറപ്പെടുവിക്കുന്ന ചട്ടങ്ങൾക്കും നിർദ്ദേശങ്ങൾക്കും അനുസൃതമായിരിക്കുന്നതാണ്.

15. <u>വാർഷിക റിപ്പോർട്ട്.</u>—ആക്ടിലെ 13-ഉം, 14-ഉം വകുപ്പുകൾപ്രകാരം കമ്മീഷൻ ശരിയായ കണക്കുകളും മറ്റ് പ്രസക്തരേഖകളും വച്ചുപോരേണ്ടതും ഓരോ വർഷവും ഏപ്രിൽ 1 മുതൽ അടുത്തവർഷം മാർച്ച് 31 വരെയുള്ള കാലയളവിനെ സംബന്ധിച്ച വാർഷിക റിപ്പോർട്ട് എല്ലാ വർഷവും ആഗസ്റ്റ് 31-ാം തീയതിക്കകം സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്. വാർഷിക കണക്ക് സ്റ്റേറ്റ്മെന്റ് I, II, III എന്നീ നമ്പർ ഫാറങ്ങളിലും വാർഷിക റിപ്പോർട്ട് IV-ാം നമ്പർ ഫാറത്തിലും സമർപ്പിക്കേണ്ടതാണ്.

## ഫാറം I

[13-ാം വകുപ്പ് (1)-ാം ഉപവകുപ്പും 15-ാം ചട്ടവും കാണുക]

# കേരള സംസ്ഥാന യുവജന കമ്മീഷൻ
# തിരുവനന്തപുരം

31-3-........-ൽ അവസാനിച്ച വർഷത്തെ വരവ്-ചെലവ് കണക്കുകൾ

(Receipts and Payments Accounts)

| വരവ് | | തുക (രൂപയിൽ) |
|---|---|---|
| ഓപ്പണിംഗ് ബാലൻസ് | : | |
| കൈവശമുള്ള തുക | : | |
| വികാസ് ഭവൻ സബ്ട്രഷറിയിൽ റ്റി. എസ്. ബി. അക്കൗണ്ട് നമ്പർ 1 പ്രകാരമുള്ള തുക | : | |
| പദ്ധതിയിതരയിനത്തിൽ കേരള സർക്കാർ/ കായിക യുവജനകാര്യ വകുപ്പിൽ നിന്നുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് | : | |
| പദ്ധതിയിയിനത്തിൽ കേരള സർക്കാർ/ കായിക യുവജനകാര്യ വകുപ്പിൽ നിന്നുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് | : | |
| വിവരാവകാശ നിയമപ്രകാമുള്ള ഫീസ് | : | |
| പാഴ്വസ്തുക്കളുടെ ലേലത്തിൽ നിന്നുള്ള വരുമാനം/മറ്റ് സർക്കാർ/സർക്കാരിതര സംഘടനകൾ/പൊതുജനങ്ങൾ എന്നിവരിൽ നിന്നുള്ള സംഭാവന/മറ്റിനങ്ങൾ | : | |
| ആകെ | : | |

34

- ചെലവ്

| | |
|---|---|
| ജീവനക്കാരുടെ ശമ്പളം/അലവൻസ് | : |
| ജീവനക്കാരുടെ ടി.എ./ഡി.എ. | : |
| ചെയർമാന്റെ/അംഗങ്ങളുടെ ശമ്പളം/ അലവൻസ് | : |
| ചെയർമാന്റെ/അംഗങ്ങളുടെ ടി.എ/ഡി.എ. | : |
| ജീവനക്കാരുടെ മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് | : |
| ചെയർമാന്റെ മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് | : |
| ഫർണീച്ചർ | : |
| വൈദ്യുതി | : |
| വെള്ളം | : |
| ടെലിഫോൺ/ഇന്റർനെറ്റ് | : |
| ചെയർമാന്റെ വാഹനം | |
| പെട്രോൾ | : |
| അറ്റകുറ്റപ്പണികൾ | : |
| ഓഫീസ് വാഹനം | |
| പെട്രോൾ | : |
| അറ്റകുറ്റപ്പണികൾ | : |
| വാഹനം രജിസ്ട്രേഷൻ/നികുതി മുതലായവ, | : |
| കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും | : |
| വെബ് ഡിസൈൻ, സോഫ്റ്റ്വെയർ മുതലായവ | : |
| ടെലിവിഷൻ/കേബിൾ | : |

| | |
|---|---|
| പ്രസിദ്ധീകരണം | : |
| പോസ്റ്റേജ് സ്റ്റാമ്പ് | : |
| പത്രം, ആനുകാലികങ്ങൾ | : |
| സ്റ്റേഷനറി/രജിസ്റ്ററുകൾ | : |
| നോട്ടീസ്/ഫാറം അച്ചടി | : |
| വാടക/നികുതികൾ | : |
| പുസ്തകങ്ങൾ | : |
| വിദഗ്ദ്ധ/പ്രത്യേക സേവനങ്ങൾക്കുള്ള പ്രതിഫലം | : |
| പരസ്യം/പ്രചാരണ ചെലവുകൾ | : |
| സഹായം/സംഭാവന | : |
| ആതിഥ്യം/സൽക്കാര ചെലവുകൾ | : |
| നെയിം ബോർഡ്/നോട്ടീസ് ബോർഡ് | : |
| ആഡിറ്റ് ഫീസ് | : |
| മറ്റിനങ്ങൾ | : |
| പദ്ധതി ചെലവുകൾ | : |
| ക്ലോസിംഗ് ബാലൻസ് | |
| കൈവശമുള്ള തുക | : |
| വികാസ് ഭവൻ സബ്ട്രഷറിയിൽ റ്റി.എസ്.ബി. അക്കൗണ്ട് നമ്പർ 1-ലുള്ള തുക | : |
| ആകെ | : |

## ഫാറം II

[13-ാം വകുപ്പ് (1)-ാം ഉപവകുപ്പും 15-ാം ചട്ടവും കാണുക]

# കേരള സംസ്ഥാന യുവജന കമ്മീഷൻ, തിരുവനന്തപുരം

31/03/..............ൽ അവസാനിച്ച വർഷത്തെ വരവ് ചെലവ് കണക്കുകൾ

(Income and Expenditure Accounts)

| വരവ് (Income) | | തുക (രൂപയിൽ) |
|---|---|---|
| കായിക യുവജനകാര്യ വകുപ്പിൽ നിന്നുള്ള പദ്ധതി വിഹിതം | : | |
| ............................ഉത്തരവ് പ്രകാരം | : | |
| ............................ഉത്തരവ് പ്രകാരം | : | |
| ............................ഉത്തരവ് പ്രകാരം | : | |
| ആകെ | : | |
| കായിക യുവജനകാര്യ വകുപ്പിൽ നിന്നുള്ള പദ്ധതിയിതര വിഹിതം | : | |
| ............................ ഉത്തരവ് പ്രകാരം | : | |
| ............................ ഉത്തരവ് പ്രകാരം | : | |
| ആകെ | : | |
| വിവരാവകാശ നിയമപ്രകാരമുള്ള ഫീസ് | : | |
| പാഴ് വസ്തുക്കളുടെ ലേലം | : | |
| മറ്റ് ഏജൻസികൾ/പൊതുജനങ്ങൾ എന്നിവരിൽ നിന്നുള്ള സംഭാവന | | |
| മറ്റിനങ്ങൾ | : | |
| ആകെ | : | |

**ചെലവ് (Expenditure)**

ജീവനക്കാരുടെ ശമ്പളം/അലവൻസ് :

ജീവനക്കാരുടെ ടി.എ/ഡി.എ. :

ചെയർമാന്റെ/അംഗങ്ങളുടെ ശമ്പളം/ അലവൻസ് :

ചെയർമാന്റെ/അംഗങ്ങളുടെ ടി.എ/ഡി.എ :

ജീവനക്കാരുടെ മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് :

ചെയർമാന്റെ മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് :

ഫർണീച്ചർ :

വൈദ്യുതി :

വെള്ളം :

ടെലിഫോൺ/ഇന്റർനെറ്റ് :

ചെയർമാന്റെ വാഹനം

പെട്രോൾ :

അറ്റകുറ്റപണികൾ :

ഓഫീസ് വാഹനം

പെട്രോൾ :

അറ്റകുറ്റപണികൾ :

വാഹനം രജിസ്ട്രേഷൻ/നികുതി മുതലായവ :

കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും :

വെബ് ഡിസൈൻ, സ്റ്റോഫ്വെയർ മുതലായവ :

ടെലിവിഷൻ/കേബിൾ :

| | |
|---|---|
| പ്രസിദ്ധീകരണം | : |
| പോസ്റ്റേജ് സ്റ്റാമ്പ് | : |
| പത്രം, ആനുകാലികങ്ങൾ | : |
| സ്റ്റേഷനറി/രജിസ്റ്ററുകൾ | : |
| നോട്ടീസ്/ഫാറം അച്ചടി | : |
| വാടക/നികുതികൾ | : |
| പുസ്തകങ്ങൾ | : |
| വിദഗ്ദ്ധ/പ്രത്യേക സേവനങ്ങൾക്കുള്ള പ്രതിഫലം | : |
| പരസ്യം/പ്രചാരണ ചെലവുകൾ | : |
| സഹായം/സംഭാവന | : |
| ആതിഥ്യം/സൽക്കാര ചെലവുകൾ | : |
| നെയിം ബോർഡ്/നോട്ടീസ് ബോർഡ് | : |
| ആഡിറ്റ് ഫീസ് | : |
| മറ്റിനങ്ങൾ | : |
| ആകെ | : |

ഫാറം III

[13-ാം വകുപ്പ് (1)-ാം ഉപവകുപ്പും 15-ാം ചട്ടവും കാണുക]

## കേരള സംസ്ഥാന യുവജന കമ്മീഷൻ, തിരുവനന്തപുരം

31/03/................ൽ അവസാനിച്ച വർഷത്തിലെ ബാലൻസ് ഷീറ്റ് (Balance Sheet as on 31st March..........)

| ബാദ്ധ്യതകൾ | | തുക (രൂപയിൽ) |
|---|---|---|
| ബാക്കി നിൽക്കുന്ന ചെലവുകൾ | : | |
| ദീർഘകാല ബാധ്യതകൾ | : | |
| സർക്കാരിൽ നിന്നും ലഭ്യമായ വായ്പയും ധനസഹായവും | : | |
| മറ്റിനങ്ങൾ | : | |
| ആകെ | : | |

ആസ്തികൾ

ഇനം

| | | |
|---|---|---|
| വാഹനങ്ങൾ | : | |
| കമ്പ്യൂട്ടർ | : | |
| ഫർണീച്ചർ | : | |
| ഫോട്ടോകോപ്പിയർ | : | |
| പുസ്തകങ്ങൾ | : | |
| എയർകണ്ടീഷണർ | : | |
| പ്രൊജക്ടർ | : | |
| വൈദ്യുത ഉപകരണങ്ങൾ | : | |

| | |
|---|---|
| വെബ്സൈറ്റ് | : |
| മറ്റ് ആസ്തികൾ | : |
| മുൻകൂറും നിക്ഷേപവും | : |
| കൈവശമുള്ള തുക | : |
| റ്റി. എസ്. ബി. അക്കൗണ്ട് നമ്പർ 1-ൽ വികാസ് ഭവൻ സബ്ട്രഷറിയിലുള്ള തുക | : |
| എസ്. ബി. റ്റി അക്കൗണ്ടിലുള്ള തുക | : |
| ആകെ | : |

## ഫാറം IV

[14-ാം വകുപ്പ് (1)-ാം ഉപവകുപ്പും 15-ാം ചട്ടവും കാണുക]

# വാർഷിക റിപ്പോർട്ടിന്റെ മാതൃക

വാർഷിക റിപ്പോർട്ട് പ്രത്യേകം ശീർഷകങ്ങൾ സഹിതമുള്ള അദ്ധ്യായങ്ങൾ/വിഭാഗങ്ങളായി ക്രമീകരിക്കേണ്ടതാണ്. റിപ്പോർട്ടിന്റെ ആദ്യഭാഗത്ത് സ്ഥാപനത്തിന്റെ പേരിനു പുറമേ വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയുടെയും സെക്രട്ടറിയുടെയും കമ്മീഷന്റെ ചെയർമാന്റെയും പേരുകൾ പരാമർശിച്ചിരിക്കേണ്ടതാണ്.

**ആമുഖം**

സ്ഥാപനത്തെക്കുറിച്ചുള്ള ചെറിയ വിവരണവും സ്ഥാപനത്തിന്റെ ചുമതലകൾ സംബന്ധിച്ച സംസ്ഥാന നിയമത്തെക്കുറിച്ചും പരാമർശിച്ചിരിക്കേണ്ടതാണ്.

സ്ഥാപനത്തിന്റെ ഘടന സംബന്ധിച്ച് ചാർട്ട് നൽകേണ്ടതാണ്.

**സംഘടനാ സംവിധാനം**

സംസ്ഥാന ജില്ലാതല ഓഫീസുകളും മറ്റ് കാര്യാലയങ്ങളുമുൾപ്പെടെയുള്ള സ്ഥാപനത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ.

സ്ഥാപനത്തിന്റെ പ്രധാന കർത്തവ്യങ്ങൾ.

വെബ്സൈറ്റ്, ഓഫീസുകളുടെ മേൽവിലാസം, ഫോൺ/ഫാക്സ് മുതലായവ.

കമ്മീഷന്റെ മെമ്പർമാരുടെയും ഉയർന്ന ഉദ്യോഗസ്ഥരുടെയും പേരും മേൽവിലാസവും.

**മനുഷ്യ വിഭവശേഷി**

വിവിധ തസ്തികകളുടെ എണ്ണവും അതിൽ നിലവിലുള്ളവരുടെ എണ്ണവും.

കരാർ/ഡെപ്യൂട്ടേഷൻ/ദിവസക്കൂലി എന്നീ വിഭാഗങ്ങളിൽപ്പെട്ട ജീവനക്കാരുടെ എണ്ണം.

നടപ്പുവർഷത്തെ നിയമനം, വിരമിക്കൽ എന്നിവയുടെ എണ്ണം.

ഡിസ്മിസൽ/തസ്തിക വെട്ടിക്കുറയ്ക്കൽ എന്നിവ.

തൻവർഷം സൃഷ്ടിച്ച/നിർത്തലാക്കിയ തസ്തികകൾ.

തൻവർഷം നിയോഗിച്ച കൺസൾട്ടന്റുമാരുടെ എണ്ണം.

നടത്തിയ പരിശീലനങ്ങളുടെയും പരിശീലനത്തിന് നിയോഗിക്കപ്പെട്ടവരുടെയും എണ്ണം.

വിശിഷ്ട സേവനത്തിന് ലഭിച്ച അവാർഡുകൾ, സമ്മാനങ്ങൾ, സാക്ഷ്യ പത്രങ്ങൾ മുതലായവ.

ജീവനക്കാർക്കെതിരെയുള്ള അച്ചടക്ക നടപടികൾ.

**സ്ഥാപനത്തിന്റെ പ്രവർത്തനം**

സ്ഥാപനത്തിന്റെ കർത്തവ്യങ്ങൾ.

സ്ഥാപനം നടപ്പിലാക്കുന്ന നിയമങ്ങളും ചട്ടങ്ങളും.

സ്ഥാപനം നടപടി സ്വീകരിച്ചതും തീർപ്പാക്കിയതും തുടരുന്നതുമായ കേസുകളുടെ എണ്ണം, നടത്തിയ പരിശോധനകൾ, സമർപ്പിച്ച റിപ്പോർട്ടുകൾ എന്നിവ സംബന്ധിച്ച സ്ഥിതി വിവര കണക്കുകൾ.

സ്ഥാപനം നൽകിയ വിവിധ സേവനങ്ങൾ, അവ ലഭ്യമായ ഗുണഭോക്താക്കൾ, എന്നിവ സംബന്ധിച്ച സ്ഥിതി വിവര കണക്കുകളുടെ അവതരണം.

നടപ്പിലാക്കിയ പദ്ധതികളുടെ ചെറു വിവരണം.

വിവിധ പദ്ധതികളുടെയും/പ്രവർത്തനങ്ങളുടെയും നേട്ടങ്ങൾ.

അഞ്ചുകോടി രൂപയിലധികമുള്ള പ്രവൃത്തികളുടെയും പർച്ചേസുകളുടെയും വിവരങ്ങൾ.

സ്ഥാപനത്തിന്റെ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിവരങ്ങൾ.

സ്വകാര്യ പങ്കാളിത്തത്തോടെ ഏറ്റെടുത്ത പദ്ധതികൾ.

തൻവർഷം ഏറ്റെടുത്ത ഗവേഷണ പഠനങ്ങൾ, സർവ്വേകൾ എന്നിവ.

**ധനകാര്യം**

സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര വിഭാഗത്തിലുള്ള ബഡ്ജറ്റ് വിഹിതം, ചെലവ് (ബാക്കി നിൽപ്പ്/അധിക ചെലവ് എന്നിവയ്ക്കുള്ള വിശദീകരണം സഹിതം).

ശമ്പളം, യാത്രാബത്ത, പരസ്യം, കൺസൾട്ടൻസി തുടങ്ങിയ വകയിലുള്ള ചെലവ്.

സർക്കാർ കമ്പനികൾ, ബോർഡുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, എൻ. ജി. ഒ.-കൾ എന്നിവയ്ക്കുള്ള ധനസഹായം/നിക്ഷേപം/വായ്പ എന്നിവ.

വിവിധ വിഭാഗങ്ങൾക്കുള്ള പെൻഷൻ/എക്സ്ഗ്രേഷ്യ തുടങ്ങിയവ.

സ്ഥാപനത്തിന്റെ വിവിധ തരം പി. ഡി./ടി.പി./എസ്. ബി. അക്കൗണ്ടുകളും അവ ഏതൊക്കെ ആവശ്യങ്ങൾക്കാണെന്നുള്ളതും.

സർക്കാർ/സർക്കാരിതര ഏജൻസികൾക്ക് സാധനങ്ങൾക്കും സേവനങ്ങൾക്കും പ്രവൃത്തികൾക്കുമായി നൽകിയതും തൻവർഷം അവസാനം ക്രമീകരിക്കപ്പെടാത്തതുമായ തുക സംബന്ധിച്ച വിവരങ്ങൾ.

കേന്ദ്ര സർക്കാരിൽ നിന്നോ മറ്റേതെങ്കിലും ഏജൻസികളിൽ നിന്നോ ലഭ്യമായ ഫണ്ടിന്റെയും ആയതിന്റെ ചെലവിന്റെയും വിവരങ്ങൾ.

പ്രത്യേക നിക്ഷേപമായി ട്രഷറി, ബാങ്ക്, പൊതുമരാമത്ത് വകുപ്പ് എന്നിവയിൽ സൂക്ഷിച്ചിട്ടുള്ള തുക.

തൻവർഷം നഷ്മുണ്ടായതായോ, ക്രമക്കേടുകൾ നടന്നതായോ കണ്ടെത്തിയ തുകകൾ സംബന്ധിച്ച വിവരം.

വരുമാനത്തിൽ നഷ്ടമുണ്ടായതോ എഴുതിത്തള്ളിയതോ സംബന്ധിച്ച വിവരങ്ങൾ.

കണക്കുകളുടെ റീകൺസിലിയേഷൻ സംബന്ധിച്ച പുരോഗതി.

**അടിസ്ഥാന സൗകര്യം**

നടപ്പു സാമ്പത്തിക വർഷം സൃഷ്ടിച്ച അടിസ്ഥാന സൗകര്യങ്ങൾ.

പുതുതായി വാങ്ങിയതോ ഒഴിവാക്കിതയോ ആയ വാഹനങ്ങളുടെ വിവരം.

മറ്റ് സ്ഥാപനങ്ങൾക്ക് കൈമാറിയ സ്വത്തുക്കളുടെ വിവരം.

5 ലക്ഷം രൂപയ്ക്ക് മുകളിൽ മൂല്യമുള്ള യന്ത്രങ്ങൾ, ഉപകരണങ്ങൾ. മറ്റ് സ്വത്തുക്കൾ വാങ്ങിയതിന്റെ വിവരം.

നശിച്ചതോ ഒഴിവാക്കിയതോ ആയ സ്വത്തുക്കളുടെ വിവരങ്ങൾ.

ഭൂമി ഏറ്റെടുത്തതോ വാങ്ങിയതോ സംബന്ധിച്ച വിവരങ്ങൾ.

**പ്രസിദ്ധീകരണങ്ങൾ**

ജേർണൽ, മാന്വൽ, ചട്ടങ്ങൾ, മറ്റ് പ്രസിദ്ധീകരണങ്ങൾ എന്നിവ സംബന്ധിച്ച വിവരം.

അദാലത്തുകൾ, തൻവർഷം നടത്തിയ പരിപാടികൾ/പങ്കെടുത്ത പ്രചരണങ്ങൾ, സമ്മേളനങ്ങൾ, ശില്പശാലകൾ, പരിശീലനങ്ങൾ, പ്രദർശനങ്ങൾ എന്നിവ.

**വിവരാവകാശ നിയമത്തിന്റെ നടത്തിപ്പ്**

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെയും അപ്പീൽ അധികാരിയുടെയും വിവരങ്ങൾ.

വിവരാവകാശ നിയമപ്രകാരം ലഭിച്ചതും നടപടിയെടുത്തതും തീർപ്പാക്കിയതുമായ കേസുകളുടെ എണ്ണം.

വിവരം നൽകാത്തതിന് പിഴശിക്ഷ നടപ്പാക്കിയതിന്റെ വിവരം.

സ്ഥാപനവുമായി ബന്ധപ്പെട്ട് വിവരാവകാശ കമ്മീഷനിൽ പരിഗണനയിലിരിക്കുന്ന അപ്പീലുകൾ.

**ആന്തരിക നിയന്ത്രണ സംവിധാനം**

ഇന്റേണൽ ആഡിറ്റിന് മാത്രമായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ.

പരിശോധനകൾക്കായി നിശ്ചയിക്കപ്പെട്ട ലക്ഷ്യം/നേട്ടം, അതിന്റെ തുടർ നടപടികൾ.

അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനാ റിപ്പോർട്ടിന്മേൽ തീർപ്പാക്കാതെയുള്ള ഖണ്ഡികകൾ.

വിവിധ നിരീക്ഷണ സമിതികളുടെയും അവയുടെ പ്രവർത്തനങ്ങളുടെയും വിവരം..

**മറ്റ് വിഷയങ്ങൾ**

സ്ഥാപനത്തിൽ പരാതി പരിഹാരത്തിനുള്ള സംവിധാനം.

മലയാള ഭാഷാ നിയമം നടപ്പാക്കൽ.

കമ്പ്യൂട്ടർവൽക്കരണം/ഇ-ഗവേണൻസ് എന്നിവയുടെ പുരോഗതി.

തൻവർഷം നടത്തിയ സാമൂഹ്യ-സാംസ്കാരിക ചടങ്ങുകൾ/പരിപാടികൾ.

കേന്ദ്രസർക്കാർ, മറ്റ് ഏജൻസികൾ, എൻ. ജി. ഒ.-കൾ എന്നിവിടങ്ങളിൽ നിന്നും സ്ഥാപനത്തിന് ലഭിച്ച അവാർഡുകൾ/പ്രതിഫലങ്ങൾ/പ്രശംസാപത്രങ്ങൾ എന്നിവ. സ്ഥാപനത്തെക്കുറിച്ച് മറ്റേതെങ്കിലും ഏജൻസി/സംഘടന നടത്തിയ അവലോകനം/പഠനം എന്നിവ സംബന്ധിച്ച വിവരം.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

റ്റി. ഒ. സൂരജ്,

*സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2014-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ആക്റ്റിന്റെ (2014-ലെ 6-ാം ആക്റ്റ്) 18-ാം വകുപ്പുപ്രകാരം ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ രുപീകരിക്കുന്നതിന് സർക്കാരിന് അധികാരം നൽകുന്നു. അപ്രകാരമുള്ള ചട്ടങ്ങൾ നിർമ്മിക്കുന്നതിന് സർക്കാർ തീരുമാനിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

സ.ഉ.(സാധാ) നം.231/2022/S&YA

സ.ഉ.(സാധാ) നം.231/2022/S&YA

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

കേരള സംസ്ഥാന യുവജന കമ്മീഷൻ അധ്യക്ഷയായി കുമാരി ചിന്ത ജെറോം ചുമതലയേറ്റ തീയതിയായ 04.10.2016 മുതൽ 25.05.2018 വരെയുള്ള കാലയളവിലെ ശമ്പളം ക്രമീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

കായിക യുവജനകാര്യ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.231/2022/S&YA　　　　തീയതി,തിരുവനന്തപുരം, 26-09-2022

പരാമർശം:-
1. 4/10/2016 ലെ സ.ഉ (സാ.ധാ) 209/16/കാ.യു.വ
2. 6.1.2017-ലെ സ.ഉ (സാ.ധാ) 3/17/കാ.യു.വ
3. 26.5.2018-ലെ സ. ഉ (അച്ചടി) 5/2018/കാ.യു.വ
4. യുവജന കമ്മീഷൻ ചെയർപേഴ്സന്റെ 20.8.2022-ലെ 698/എ1/2018/കേ.സം.യു.ക നമ്പർ കത്ത്

ഉത്തരവ്

പരാമർശം (1) പ്രകാരം യുവജന കമ്മീഷൻ ചെയർപേഴ്സണായി ചുമതലയേറ്റ കുമാരി ചിന്ത ജെറോമിന് സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച വിഷയത്തിന്മേൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നത് വരെ പരാമർശം (2) പ്രകാരം പ്രതിമാസം 50,000/-രൂപ അഡ്വാൻസ് ശമ്പളം നിശ്ചയിക്കുകയുണ്ടായി. കമ്മീഷൻ ചെയർപേഴ്സന്റെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച വിഷയത്തിന്മേൽ അന്തിമ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് അധിക തുക സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത തുക തിരിച്ചു പിടിക്കും എന്നും പരാമർശം (2)ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2.) അഡ്വാൻസ് ശമ്പളമായി 50,000/-രൂപ കൈപ്പറ്റി വരവെ പരാമർശം (3) പ്രകാരം നിലവിൽ വന്ന കേരള സംസ്ഥാന യുവജന കമ്മീഷൻ ചട്ടങ്ങളിൽ ചെയർപേഴ്സന്റെ ശമ്പളം ഒരു ലക്ഷം രൂപയായി നിജപ്പെടുത്തുകയുണ്ടായി.

3.) സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് പ്രത്യേകിച്ച് ഉത്തരവ് ഒന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ ചെയർപേഴ്സനായി നിയമിതയായതു മുതൽ ചട്ടങ്ങൾ രൂപവൽക്കരിക്കപ്പെട്ട കാലയളവു വരെ കൈപ്പറ്റിയ ശമ്പളത്തെ സംബന്ധിച്ച് അനിശ്ചിതത്വം



Generated from eOffice by USHA MATHEW, SG-ASST (B2) SYA, SG-ASST (B2) SYA, S&YA on 30/01/2023 05:37 PM

സ.ഉ.(സാധാ) നം.231/2022/S&YA

നിലനിൽക്കുകയാണെന്നും ആയതിനാൽ 4/10/2016 മുതൽ 25/05/2018 വരെയുള്ള കാലയളവിൽ അഡ്വാൻസായി കൈപ്പറ്റിയ തുകയും യുവജന കമ്മീഷൻ ചട്ടങ്ങൾ പ്രകാരം നിജപ്പെടുത്തിയ ശമ്പളവും തമ്മിലുള്ള കുടിശ്ശിക അനുവദിക്കണമെന്നും യുവജന കമ്മീഷൻ ചെയർപേഴ്സൺ പരാമർശം (4) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

4.) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സണായി കുമാരി ചിന്ത ജെറോം ചുമതലയേറ്റ തീയതിയായ 04.10.2016 മുതൽ 25.05.2018 വരെയുള്ള കാലയളവിലെ പ്രതിമാസ ശമ്പളം, അഡ്വാൻസ് ആയി നൽകിയ തുകയായ 50,000/- രൂപയായി (അൻപതിനായിരം രൂപ മാത്രം) നിജപ്പെടുത്തി ക്രമീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം.ശിവശങ്കർ
പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി, കേരള സംസ്ഥാന യുവജന കമ്മീഷൻ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) / (എ & ഇ), കേരള തിരുവനന്തപുരം

ധനകാര്യ (വിദ്യാഭ്യാസ) വകുപ്പ് (EDN-B2/166/2016-FIN ഫയൽ പ്രകാരം)

സ്റ്റോക്ക്ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. യുവജനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്



Generated from eOffice by USHA MATHEW, SG-ASST (B2) SYA, SG-ASST (B2) SYA, S&YA on 30/01/2023 05:37 PM

Azadi Ka Amrit Mahotsav

GOVERNMENT OF KERALA

No. 309702/EDN-B2/166/2016-FIN

Finance (Education B) Department
Thiruvananthapuram
Dated: 28.11.2022

## U.O. Note

Sub : Salary arrear claim of the Chairperson, Kerala State Youth Commission - reg.

Ref : 1. Request dated 08.08.2022 of Dr. Chintha Jerome, Chairperson, KSYC

2. AD File No: 2184627/SYA-B2/266/2022-SYA

Attention of the **Administrative Department** is invited to the references cited and is informed that Dr. Chintha Jerome, Chairperson, Kerala State Youth Commission is eligible to get salary as per Kerala State Youth Commission Rules at the rate of Rs. 1 lakh from 06.01.2017.

This has the approval of Hon'ble Minister (Finance).

**MANJU M.R.**
**UNDER SECRETARY (FINANCE)**

**Sports and Youth Affairs (B) Department**

Forwarded/By Order

**Section Officer**

GCPT. 4/1111/2022/30,000/S-16.



Generated from eOffice by USHA MATHEW, SG-ASST (B2) SYA, SG-ASST (B2) SYA, S&YA on 30/01/2023 05:37 PM

സ.ഉ.(സാധാ) നം.37/2023/S&YA

"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

കേരള സംസ്ഥാന യുവജന കമ്മീഷൻ അധ്യക്ഷയായ കുമാരി ചിന്ത ജെറോമിന് കുടിശിക വേതനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**കായിക യുവജനകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.37/2023/S&YA തീയതി, തിരുവനന്തപുരം, 23-01-2023

---

പരാമർശം:-

1. സ.ഉ (സാധാ) നം. 209 / 2016 /കാ.യു.വ തീയതി 04.10.2016
   സ.ഉ (സാധാ) നം. 3/2017/കാ.യു.വ തീയതി 6.1.2017
2. 
3. സ.ഉ (അച്ചടി) നം. 5/2018/കാ.യു.വ തീയതി 26.5.2018
4. കേരള സംസ്ഥാന യുവജന കമ്മീഷൻ അധ്യക്ഷ ഡോ. ചിന്ത ജെറോമിന്റെ 20.8.2022-ലെ 698/എ1/2018/കേ.സം.യു.ക നമ്പർ കത്ത്
5. സ.ഉ (സാധാ) നം. 231/2022/S&YA തീയതി 26.9.2022
6. ധനകാര്യ (വിദ്യാഭ്യാസ-ബി) വകുപ്പിന്റെ 28.11.2022ലെ 309702/EDN-B2/166/2016-FIN നമ്പർ അനൗദ്യോഗിക കുറിപ്പ്

**ഉത്തരവ്**

പരാമർശം (1) പ്രകാരം കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സനായി നിയമിതയായ കുമാരി ചിന്ത ജെറോമിന് കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സന്റെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച വിഷയത്തിന്മേൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നത് വരെ പരാമർശം (2) പ്രകാരം പ്രതിമാസം 50,000/-രൂപ അഡ്വാൻസ് ശമ്പളമായി നിശ്ചയിക്കുകയുണ്ടായി. തുടർന്ന് പരാമർശം (3) പ്രകാരം നിലവിൽ വന്ന കേരള സംസ്ഥാന യുവജന കമ്മീഷൻ ചട്ടങ്ങളിൽ ചെയർപേഴ്സന്റെ ശമ്പളം 1 ലക്ഷം രൂപയായി നിജപ്പെടുത്തുകയുണ്ടായി.

2. സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് പ്രത്യേകിച്ച് ഉത്തരവ് ഒന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ ചെയർപേഴ്സനായി നിയമിതയായതു മുതൽ ചട്ടങ്ങൾ രൂപവൽക്കരിക്കപ്പെട്ട കാലയളവ് വരെ കൈപ്പറ്റിയ ശമ്പളത്തെ സംബന്ധിച്ച് അനിശ്ചിതത്വം നിലനിൽക്കുകയാണ് എന്നും ആയതിനാൽ 14/10/2016 മുതൽ 25/05/2018 വരെയുള്ള



Generated from eOffice by USHA MATHEW, SG-ASST (B2) SYA, SG-ASST (B2) SYA, S&YA on 30/01/2023 05:37 PM

സ.ഉ.(സാധാ) നം.37/2023/S&YA

കാലയളവിൽ അഡ്വാൻസായി കൈപ്പറ്റിയ തുകയും യുവജന കമ്മീഷൻ ചട്ടങ്ങൾ പ്രകാരം നിജപ്പെടുത്തിയ ശമ്പളവും തമ്മിലുള്ള കുടിശ്ശിക അനുവദിക്കണമെന്നും യുവജന കമ്മീഷൻ ചെയർപേഴ്സൺ പരാമർശം (4) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സൺ കുമാരി ചിന്ത ജെറോമിന് 06.01.2017 മുതൽ 1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം) പ്രതിമാസ വേതനം അനുവദിച്ചുകൊണ്ടും പരാമർശം (5) സർക്കാർ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം.ശിവശങ്കർ
പ്രിൻസിപ്പൽ സെക്രട്ടറി

കുമാരി ചിന്ത ജെറോം, ചെയർ പേഴ്സൺ, കേരള സംസ്ഥാന യുവജന കമ്മീഷൻ, തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന യുവജന കമ്മീഷൻ
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ധനകാര്യ (വിദ്യാഭ്യാസ-ബി) വകുപ്പ് (28.11.2022ലെ 309702/EDN-B2/166/2016-FIN നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി·

ഉത്തരവിൻ പ്രകാരം

Signed by
Rose Mary Presilla
Date: 23-01-2023 14:40:07
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. യുവജനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്

സെക്ഷൻ ഓഫീസർ


Generated from eOffice by USHA MATHEW, SG-ASST (B2) SYA, SG-ASST (B2) SYA, S&YA on 30/01/2023 05:37 PM